# മനുഷ്യന്റെ യഥാർത്ഥ ശത്രുവിനെപ്പറ്റി

മർഹൂം. ഡോ. എം. ഉസ്മാൻ (നിലമ്പൂർ)

*'സൽസബീൽ' 1971 ഫെബ്രുവരിയിലാണ് ആരംഭിച്ചത്. ഒരു കൊല്ലം ത്രൈമാസികയായിരുന്നു. പിന്നീടാണ് മാസികയാക്കിയത്. ത്രൈമാസിക 2, 3, 4 എന്നീ ലക്കങ്ങളിൽ എന്റെ ബഹുമാന്യ സുഹൃത്തും കെ.എൻ.എം സംസ്ഥാന പ്രസിഡന്റുമായ ഡോ. എം. ഉസ്മാൻ സാഹിബ് 'പിശാച്' എന്ന വിഷയത്തെക്കുറിച്ച് എഴുതിയ ദീർഘമായ ലേഖനം സംയോജിപ്പിച്ചുകൊണ്ടു പുന: പ്രസിദ്ധീകരണം നടത്തുകയാണ്. നിത്യ നൂതനത്വം തിളങ്ങി നിൽക്കുന്ന പ്രഗത്ഭമായ ഒരു ഗവേഷണ പ്രബന്ധമാണിത്. ഇസ്ലാമിക വിജ്ഞാന രചനയിൽ ഈ വിഷയകമായി മലയാളത്തിൽ ഇതുവരെ ആരും ഇത്രയും പ്രഗൽഭമായി എഴുതിയിട്ടില്ലെന്നാണു എന്റെ അറിവ്. ആധുനിക വിദ്യാഭ്യാസം നേടിയ പുതിയ തലമുറയ്ക്കും എന്നെപ്പോലെയുള്ളവർക്കും ഈ രചന ഒട്ടേറെ പാഠങ്ങൾ നൽകുന്നു. ഡോക്ടർ അവർകൾക്കു അല്ലാഹു മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.*

**മർഹൂം. ഉമർ മൗലവി**

"തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാണ്. അവനെ ശത്രുവായി തന്നെ കണക്കാക്കുക. അവൻ അവന്റെ കൂട്ടുകാരെ ക്ഷണിക്കുന്നത് നരകവാസികളാകാൻ വേണ്ടി മാത്രമാണ്". (ഫാത്വിർ 35:6)

ഖുർആൻ വളരെയേറെ പ്രാധാന്യം നൽകി ആവർത്തിച്ചു മുന്നറിയിപ്പു നൽകുന്ന ഒരു വിഷയമാണിത്. നാം വളരെ അവഗണിച്ചിട്ടുള്ള ഒരു കാര്യവും. **ജിന്നിൽ നിന്നുള്ള പിശാചിനെപ്പറ്റി എഴുതുന്നതും പറയുന്നതും കൂടി ഇന്നത്തെ പരിഷ്ക്കാരത്തിനും ആധുനികത്വത്തിനും യോജിച്ചതായിരിക്കില്ല. അതെല്ലാം പഴഞ്ചനാണെന്ന ഒരു ധാരണ മുസ്ലിം പണ്ഡിതൻമാരുടെ ഇടയിൽ പോലും കടന്നുകൂടിയ മട്ടാണ്. ശത്രുവിന് ഇത്രയേറെ അനുകൂലമായ ചുറ്റുപാട് ഉണ്ടാകാനിടയില്ല.** ഖുർആൻ ഈ വിഷയത്തെപ്പറ്റി തരുന്ന മുന്നറിയിപ്പുകൾക്കൊന്നും ഒരു വിലയും കൽപിക്കപ്പെടുന്നില്ല. ഖുർആൻ വ്യാഖ്യാതാക്കളിൽ ചിലർ ഈ വിഷയം കൊണ്ടു കുടുങ്ങി. എന്നിട്ടതിനെ വ്യാഖ്യാനിച്ചു ശരിപ്പെടുത്താൻ പാടുപെടുന്നു. ജിന്നിനെപ്പറ്റിയും ശൈത്വാനെപ്പറ്റിയും ഖുർആനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആധുനിക ശാസ്ത്രത്തിനും പരിഷ്ക്കാരത്തിനും ചേർന്നതല്ലെന്ന ധാരണമൂലം എങ്ങിനെയെങ്കിലും വ്യാഖ്യാനിച്ചു എല്ലാം കൂടി ഒന്നുമില്ലാതാക്കാൻ ശ്രമിക്കുകയാണവർ. ജിന്ന് മനുഷ്യരിൽ തന്നെപെട്ട ഒരു വിഭാഗമാണെന്നും കാട്ടാളൻമാരാണെന്നും ഇഴജന്തുക്കളാണെന്നും അങ്ങിനെ ഓരോ നിലയിൽ പറയുന്നവരുമുണ്ട്. എന്നാൽ പ്രപഞ്ചത്തിലെ എല്ലാ രഹസ്യങ്ങളും പൂർണ്ണമായി അറിയുന്ന അല്ലാഹുവിൽ നിന്നുള്ളതാണ് ഖുർആൻ എന്ന് ഉറച്ചുവിശ്വസിക്കുന്നവരുടെ നിലപാട് ഈ വിധത്തിലായിക്കൂടാ.

**ഖുർആനിൽ വന്നിട്ടുള്ള കാര്യങ്ങൾ യാതൊരു വക്രതയും കൂടാതെ അപ്പടി സ്വീകരിക്കുകയും ശാസ്ത്രത്തേയും മറ്റു മനുഷ്യ വിജ്ഞാനങ്ങളേയും തദടിസ്ഥാനത്തിൽ വിലയിരുത്താൻ ശ്രമിക്കുകയുമാണ് അവർ ചെയ്യേണ്ടത്.** ഈ മാർഗ്ഗം സ്വീകരിച്ചുകൊണ്ട് പിശാചിനെക്കുറിച്ചു ഖുർആൻ തരുന്ന വിജ്ഞാനം ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ മനുഷ്യ ജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും ബാധിക്കുന്ന കുഴപ്പങ്ങളുടെ ഒരടിസ്ഥാന കാരണം നമുക്കു വ്യക്തമാകും. ജിന്നിനെപ്പറ്റിയും ജിന്നിൽ നിന്നുള്ള ശൈത്വനെപ്പറ്റിയും ഖുർആനിലും നബി വചനങ്ങളിലും വന്നിട്ടുള്ള കാര്യങ്ങൾ ശരിയായ നിലയിൽ മനസ്സിലാക്കാൻ മനുഷ്യന് നേർമാർഗ്ഗം പ്രാപിക്കുവാൻ വേണ്ടി അത്യാവശ്യമാകുന്നു. **അല്ലാഹു നമ്മെ രസിപ്പിക്കുവാൻ പദപ്രയോഗങ്ങൾ നടത്തുകയോ കഥ പറയുകയോ അല്ല; മനുഷ്യനെ വഴിപിഴപ്പിക്കുവാൻ ശപഥം ചെയ്തിട്ടുള്ള ഇബ്ലീസിന്റെ ഗോത്രത്തെപ്പറ്റിയുള്ള ശരിയായ ബോധം മനുഷ്യനുണ്ടായാലേ, അപകടത്തെക്കുറിച്ച് സൂക്ഷിക്കാൻ പറ്റൂ എന്നത് കൊണ്ട് മനുഷ്യനറിയാത്ത അദൃശ്യകാര്യങ്ങൾ ഖുർആനിൽകൂടി അല്ലാഹു നമ്മെ പഠിപ്പിക്കുകയാണ്.** മനുഷ്യന്റെ ശാസ്ത്രീയമായ വിജ്ഞാനത്തിന്റെ വളർച്ചകൊണ്ടോ പരീക്ഷണങ്ങൾകൊണ്ടോ കണ്ടുപിടിച്ച് 'കൂട്ടിലടക്കാൻ' പറ്റിയ രീതിയിലുള്ളതല്ല 'ജിന്ന്'ന്റെ സൃഷ്ടിപ്പും പ്രകൃതിയും. ശാസ്ത്രത്തിന്റേയും മന:ശാസ്ത്രത്തിന്റേയും പരീക്ഷണങ്ങളിൽ നിന്നൊഴിഞ്ഞുമാറി മനുഷ്യനെ തെറ്റായ നിഗമനങ്ങളിലെത്തിക്കുവാൻ കെൽപ്പുള്ള സൃഷ്ടികളാണവ. "അവനും അവന്റെ ഗോത്രക്കാരും നിങ്ങളെ കാണും നിങ്ങൾ അവരെ കാണുകയില്ലതാനും. തീർച്ചയായും വിശ്വാസികളല്ലാത്തവർക്ക് നാം ശൈത്വാനെ മിത്രമാക്കിയിരിക്കുന്നു". (അഅ്റാഫ് 7:27)

ശാസ്ത്രത്തിനു മുമ്പ് കാണാൻ കഴിയാതിരുന്ന പലതിനേയും ഇന്നു കാണാനും മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ഏറ്റവും ചെറിയ അണുക്കളേയും, ബാക്റ്റീരിയ, വൈറസ് മുതലായ പരമാണുക്കളേക്കാൾ ലോലമായതിനേയും കണ്ടുപടിക്കാനും വളർത്താനും നശിപ്പിക്കുവാനും മനുഷ്യനു ഇന്നു കഴിവുണ്ട്. ഇത്തരം അറിവും കഴിവും നേടാൻ മനുഷ്യന്റെ ബുദ്ധിശക്തികൊണ്ടും സാധിക്കുന്നതാണ്. അതൊന്നും ഖുർആൻ നമുക്കു പഠിപ്പിച്ചു തരുന്നില്ല. എന്നാൽ മനുഷ്യന്റെ ബുദ്ധികൊണ്ടും ശാസ്ത്രീയ വിജ്ഞാനത്തിന്റെ വളർച്ചകൊണ്ടും കണ്ടെത്തി പുറത്തുകൊണ്ടുവരാൻ സാധിക്കാത്ത, അഗ്നിയിൽ നിന്ന് സൃഷ്ടിക്കപ്പെട്ട ജിന്നിനെപ്പറ്റിയും അവരിൽ നിന്നുള്ള പിശാചു

ക്കളെക്കുറിച്ചും ‘വഹ്യ്’ (ദിവ്യബോധനം) മുഖാന്തിരം ഉള്ള അറിവുതന്നെ കിട്ടണം. ഈ അറിവാണ് ഖുർആൻ നമുക്ക് നൽകുന്നത്.

മനുഷ്യനെ മണ്ണിൽ നിന്നും അതിനുമുമ്പ് ‘ജിന്നി’നെ തീയ്യിൽ നിന്നും സൃഷ്ടിച്ചുവെന്ന് ഖുർആൻ പഠിപ്പിക്കുന്നു. മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വെറും മണ്ണല്ലല്ലോ. എല്ലുകളും മാംസവും മജ്ജയും രക്തവും എല്ലാ മടങ്ങുന്ന മനുഷ്യ ശരീരം മണ്ണിൽ നിന്ന് എത്ര വ്യത്യസ്ഥമാണ്! അതുപോലെ തന്നെ തീയ്യിൽ നിന്നും സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജിന്നിന്റെ പ്രകൃതിയും തീയ്യിൽ നിന്നും വ്യത്യസ്ഥമാകാമല്ലോ ? മണ്ണിൽ നിന്ന് എന്നുള്ളതിനെ കൂടുതൽ ശാസ്ത്രീയമായ ഭാഷയിൽ പദാർത്ഥത്തിൽ നിന്ന് എന്ന് പറയാമെങ്കിൽ, തീയിൽ നിന്ന് എന്നതിനെ ഊർജ്ജത്തിൽ (എനർജി) നിന്ന് എന്നും പറഞ്ഞുകൂടെ ? അഗ്നി ഊർജ്ജത്തിന്റെ ഒരു രൂപമാണല്ലോ. **പദാർത്ഥത്തിൽ നിന്നും ജീവനേയും ജീവനുള്ള സൃഷ്ടികളേയും, അവയിൽ ബുദ്ധിയും വിവേകവും വിവേചനാശക്തിയും ധാർമ്മിക മൂല്യങ്ങളുമെല്ലാം ഉൾക്കൊള്ളാൻ കഴിവുള്ള മനുഷ്യനേയും സൃഷ്ടിച്ച അല്ലാഹു അഗ്നിയിൽ നിന്ന് ബുദ്ധിയും വിവേചനാശക്തിയും സദാചാര ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളാൻ കഴിവുമെല്ലാമുള്ള ജിന്നുകളേയും മനുഷ്യനു മുമ്പു തന്നെ സൃഷ്ടിച്ചു എന്നു പറയുമ്പോൾ അതിൽ എന്ത് അശാസ്ത്രീയതയാണുള്ളത് ?**

ഖുർആൻ ജിന്നുകളിൽപെട്ട ഇബ്‌ലീസിനെക്കുറിച്ചു പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചു പഠിക്കുമ്പോൾ ഒരു കാര്യം മനസ്സിലാകും. അല്ലാഹുവിനെ ആരാധിക്കാനും ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളാനും കഴിവുള്ള ഒരു ഉത്തമ സൃഷ്ടിയെ മണ്ണിൽ നിന്നും സൃഷ്ടിച്ചു എന്ന കാര്യത്തിൽ ഇബ്‌ലീസിന് അവന്റേതായ എതിർപ്പുകൾ ഉണ്ടായി. അവൻ അംഗീകരിക്കാൻ കൂട്ടാക്കിയില്ല.

“ഇബ്‌ലീസ് ! ഞാൻ എന്റെ കൈകൊണ്ടു സൃഷ്ടിച്ചതിന് സുജൂദ് ചെയ്യുന്നതിൽ നിന്ന് നിന്നെ തടഞ്ഞതെന്താണ് ? നീ അഹംഭാവം കരുതിയോ ? അതല്ല നീ പൊങ്ങച്ചക്കാരുടെ കൂട്ടത്തിൽ പെട്ടിരിക്കുകയാണോ. ഇബ്‌ലീസ് പറഞ്ഞു. ഞാൻ അവനേക്കാൾ ഉത്തമനാണ്. എന്നെ നീ തീയിൽ നിന്ന് സൃഷ്ടിച്ചു. അവനെ മണ്ണിൽ നിന്നും”. (സ്വാദ് 38: 75-76).

മണ്ണിൽ നിന്ന് മഹത്തായ ഒരു സൃഷ്ടിയെ ഉണ്ടാക്കുവാൻ അല്ലാഹുവിന് കഴിയും എന്നകാര്യം വിശ്വസിക്കുന്നതിൽ നിന്നും ഇബ്‌ലീസിനെ തടഞ്ഞത് അവൻ തീയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്നതിൽ നിന്നുണ്ടായ അഹന്ത മാത്രമാണ്. ഇബ്‌ലീസിന്റെ ഇതേ സ്വഭാവം വേറൊരു തരത്തിൽ മനുഷ്യരിൽ നിന്ന് ചിലരേയും ബാധിക്കുന്നുണ്ട്. **‘തീ’യിൽ നിന്നും ഒരു സൃഷ്ടിയോ!! അല്ലാഹു ഖുർആനിൽ എത്ര ആവർത്തിച്ചു പറഞ്ഞാലും അതിനെ വ്യാഖ്യാനിച്ചു വ്യാഖ്യാനിച്ചു ഒന്നുമില്ലാതാക്കുന്ന ഈ മന:സ്ഥിതി ഇബ്‌ലീസിന്റെ സംഭാവനയായിരിക്കണം. മനുഷ്യനെ വഴികേടിലാക്കുവാൻ ശ്രമിക്കുന്ന ഇബ്‌ലീസിനേയും കൂട്ടുകാരേയും പറ്റിയുള്ള ഒരു കരുതലും മനുഷ്യനില്ലാതായാൽ പിന്നെ ഇബ്‌ലീസിന് കാര്യം എളുപ്പമാകുമല്ലോ.**

## ആരാധനയും ജിന്നുകളും

‘അൽജിന്ന്’ എന്ന പേരിൽ ഖുർആനിൽ ഒരു അദ്ധ്യായം തന്നെയുണ്ട്. ഈ അദ്ധ്യായം തുടങ്ങുന്നതുതന്നെ ഇപ്രകാരമാണ്. “പറയുക! എനിക്കിപ്രകാരം ദൈവസന്ദേശം ലഭിച്ചിരിക്കുന്നു: ഒരു സംഘം ജിന്നുകൾ ഖുർആൻ ശ്രദ്ധിച്ചു കേട്ടു...” (അൽ - ജിന്ന് 72:1) പ്രവാചകൻ ഈ കാര്യം അറിയുന്നതുതന്നെ അല്ലാഹുവിങ്കൽ നിന്നുള്ള ഈ ഖുർആൻ വാക്യം ലഭിക്കുമ്പോഴാണ്. മനുഷ്യരിൽ പെട്ട ഒരു വിഭാഗമല്ല ‘ജിന്ന്’ എന്ന് നേർക്കു നേരെ ചിന്തിക്കുന്നവർക്ക് വ്യക്തമാകാൻ ഇത് മാത്രം മതിയാകും.

“ഞങ്ങളുടെ കൂട്ടത്തിൽ നല്ലവരുണ്ട്. അല്ലാത്തവരുണ്ട്. ഞങ്ങൾ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്” (അൽ-ജിന്ന് 72:11.). ഖുർആൻ കേട്ടു പഠിക്കാൻ വന്ന ജിന്നുകൾ പറയുന്നതായി അല്ലാഹു നമ്മെ അറിയിക്കുന്നതാണ് ഈ വാക്യം. വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ച വിഭാഗങ്ങളിൽ ഒരു വിഭാഗം മനുഷ്യനെ വഴിപിഴപ്പിക്കുക എന്ന മാർഗ്ഗം ജീവിത ലക്ഷ്യമായി സ്വീകരിച്ച ഇബ്‌ലീസിന്റെ ഗോത്രക്കാരാകുന്നു. നമുക്കു പ്രധാനമായും ശ്രദ്ധിക്കാനുള്ളത് ഈ വിഭാഗത്തെപ്പറ്റിയാണ്. മറ്റുള്ളവരെക്കുറിച്ചു തൽക്കാലം ഇവിടെ ആലോചിക്കേണ്ടതില്ല. “മനുഷ്യരിൽ നിന്നുള്ള ചില ആളുകൾ ജിന്നിൽ നിന്നുള്ള ആളുകളോട് അഭയം തേടുന്നു. അങ്ങിനെ അവർ ഇവർക്കു അഹങ്കാരം വർദ്ധിപ്പിച്ചു”. (അൽ-ജിന്ന് 72:6.). മനുഷ്യരിൽ ചിലർ ജിന്നിൽ നിന്നുള്ള ഈ പിശാചുക്കളെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഈ പിശാചുക്കൾക്ക് അഹങ്കാരം വർദ്ധിക്കുന്നു. അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്ന ജനങ്ങൾക്ക് ഇതു ബാധകമല്ല എന്ന് അതേ അദ്ധ്യായത്തിൽ പിന്നീട് പറയുന്നു. അല്ലാഹുവിലും പരലോകത്തിലും വിശ്വാസം കുറഞ്ഞ മനുഷ്യർ അതുപോലെ തന്നെ വിശ്വാസമില്ലാത്ത ജിന്നുകളിൽപെട്ട വിഭാഗത്തെ വിളിച്ചു പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ ആരാധിക്കപ്പെടുന്ന പിശാചുക്കൾക്ക് ഒരുതരം ആസ്വാദനം ലഭിക്കുന്നു. ഈ മാർഗ്ഗം സ്വീകരിച്ച മനുഷ്യന്റെ ആരാധനയ്ക്ക് വെമ്പൽകൊള്ളുന്ന വിഭാഗവും ജിന്നുകളിൽ ഉണ്ട്. ഇവരാണ് ഇബ്‌ലീസിന്റെ വിഭാഗത്തിൽ പെട്ടവർ. “അല്ലാഹു പറഞ്ഞു: അതിനാൽ ഇവിടെ നിന്ന് ഇറങ്ങുക. നിനക്കിവിടെ അഹംഭാവിയാകാൻ പറ്റില്ല. പുറത്ത് പോ നീ നിന്ദ്യൻമാരിൽ പെട്ടവനാണ്. അവൻ (ഇബ്‌ലീസ്) പറഞ്ഞു: അവർ ഉയർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ എനിക്കു അവധി നീട്ടിത്തരേണമേ! അല്ലാഹു പറഞ്ഞു: നീ അവധി നീട്ടപ്പെട്ടവൻ തന്നെയാണ്. അവൻ പറഞ്ഞു: എന്നെ നീ വഴിപിഴപ്പിച്ചതിനാൽ ഞാൻ അവർക്കുവേണ്ടി (അവരെ തടയാൻ വേണ്ടി) നിന്റെ നേർവഴിയിൽ ഇരിക്കും. പിന്നെ മുന്നിലൂടെയും പിന്നിലൂടെയും വലതുഭാഗത്തുകൂടെയും ഇടതുഭാഗത്തുകൂടെയും അവരുടെ അടുക്കൽ ഞാൻ ചെല്ലും. അവരിൽ അധിക പേരെയും നന്ദിയുള്ളവരായി നീ കാണുകയില്ല”. (അഅ്റാഫ് 7:13-17).

മനുഷ്യനെ സൃഷ്ടിച്ചതോടുകൂടി തന്നെ അഹംഭാവം മൂലം ജിന്നിൽ നിന്ന് അല്ലാഹുവിനെ ധിക്കരിക്കുന്ന വിഭാഗത്തേയും മനുഷ്യരിൽ നിന്ന് അല്ലാഹുവിനെ ധിക്കരിക്കുന്ന വിഭാഗത്തെയും തമ്മിൽ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ഏറ്റവും വിപുലമായ ഒരു പരീക്ഷണവും ആരംഭിച്ചിരിക്കുകയാണ്. **അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് മനുഷ്യനെ വഴിപിഴപ്പിക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്യുവാൻ ശപഥം ചെയ്തിട്ടുള്ള ഇബ്‌ലീസും അവന്റെ ഗോത്രക്കാരും ഓരോ മനുഷ്യനേയും നേർമാർഗ്ഗത്തിൽ നിന്ന് തെറ്റിക്കാൻ അനുനിമിഷം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.** മനുഷ്യന് കാണാൻ കഴിയാത്ത നിലയിൽ അവന്റെ മനസ്സിൽ പ്രേരണകളും ആശ കളും മിഥ്യാബോധങ്ങളും ചെലുത്തിക്കൊണ്ടു ബഹുഭൂരിപക്ഷം മനുഷ്യരേയും നേർമാർഗ്ഗത്തിൽ നിന്ന് വ്യതിചലി പ്പിക്കുകയും ചെയ്തുകൊണ്ടു പിശാച് രസിക്കുന്നു.

**അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹുവിനെ മാത്രം ആരാധിക്കുക, വേറെ യാതൊന്നിനേയും ആരാധിക്കാതിരിക്കുക എന്നതാണ്. പ്രഥമവും പ്രധാനവുമായ ഈ കാര്യത്തിൽ തന്നെ മനു ഷ്യനെ തെറ്റിച്ചാൽ പിന്നെ ആ മനുഷ്യൻ മറ്റുനിലകളിൽ എത്ര നല്ലവനായിരുന്നാലും രക്ഷകിട്ടാൻ പോകുന്നില്ല. അതുകൊണ്ട് ഇബ്‌ലീസും കൂട്ടുകാരും അവരുടെ കഴിവുകൾ പ്രധാനമായും ഉപയോഗിക്കുന്നത് ആരാധനയുടെ കാര്യത്തിൽ മനുഷ്യനെ നേർമാർഗ്ഗത്തിൽ നിന്നും തെറ്റിക്കുന്നതിനാകുന്നു.** ബിംബങ്ങൾ, മൃഗങ്ങൾ, കല്ലുകൾ, മല കൾ, നദികൾ, സമുദ്രങ്ങൾ, സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങൾ, വൃക്ഷലതാദികൾ, ദേവീദേവൻമാർ, പിശാചുക്കൾ, മൂർത്തികൾ തുടങ്ങിയ വസ്തുക്കളേയും ശക്തികളേയും എല്ലാകാലത്തുമുള്ള മനുഷ്യരിൽ ഒരു വലിയ വിഭാഗം ആരാധിച്ചു പോന്നിട്ടുണ്ട്. **ഇതിന് അവരെ പ്രേരിപ്പിക്കുവാനും അത്തരം ബഹുദൈവാരാധന ഒരു മഹത്തായ കാര്യമാണെന്നുള്ള മിഥ്യാബോധം അവരുടെ മനസ്സിൽ വളർത്താനും ഈ പിശാചുക്കളുടെ വിഭാഗത്തിന് സാധി ച്ചിട്ടുണ്ട്.**

പാണ്ഡിത്യം കൊണ്ടും പ്രതിഭകൊണ്ടും ലോകപ്രശസ്തരായ മനുഷ്യർ പോലും അവരുടെ ആരാധനാവിഷ യത്തിൽ ബുദ്ധിയുടേയും വിവേകത്തിന്റെയും ലാഞ്ചനപോലും തീണ്ടിയിട്ടില്ലാത്ത ദുരൂഹമായ മാർഗ്ഗങ്ങൾ സ്വീക രിക്കുന്നതു നാം കാണുന്നു. അവരുടെ വിജ്ഞാനവും ബുദ്ധിയും അവർ ചെയ്യുന്ന ആരാധനയെ ന്യായീകരിക്കു വാൻ ആവശ്യമായ സിദ്ധാന്തങ്ങളും തത്വങ്ങളും ആവിഷ്കരിക്കുവാൻ ഉപയോഗിക്കുന്നതല്ലാതെ, അവർ പ്രവർത്തി ക്കുന്നത് അടിസ്ഥാനപരമായി തെറ്റോ ശരിയോ എന്ന് പരിശോധിക്കുവാൻ ഉപയോഗപ്പെടുത്തുന്നില്ല. **പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഏറ്റവും ബുദ്ധിപൂർവ്വകവും ലളിതവു മായ മാർഗ്ഗത്തിൽ നിന്ന് മനുഷ്യ മനസ്സിനെ തെറ്റിച്ച് വക്രവും ദുരൂഹവുമായ മാർഗ്ഗത്തിലൂടെ സഞ്ചരിപ്പിക്കുവാൻ പിശാച് അവന്റെ എല്ലാ കഴിവുകളുമുപയോഗിച്ച് സ്വാധീനം ചെലുത്തുന്നു.**

**അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാണെന്ന് അവകാശപ്പെടുന്ന മുസ്ലിംകളുടെ മനസ്സുകളിൽ പോലും മരണപ്പെട്ട മഹാൻമാരായ പൂർവ്വികൻമാരെ വിളിച്ച് പ്രാർത്ഥിക്കാനും സഹായം തേടാനും പ്രേരണ നൽകുന്നത് പിശാചുതന്നെയാണ്.** അത്തരം പ്രാർത്ഥനകളേയും സഹായാഭ്യർത്ഥനകളേയും ന്യായീകരിക്കാൻ കച്ചകെട്ടി നട ക്കുന്ന പണ്ഡിതൻമാർക്ക് ഖുർആനും നബിവചനങ്ങളും ദുർവ്യാഖ്യാനം ചെയ്യാനും ഇസ്‌ലം മതത്തെ വളച്ചൊടി ക്കാനും പ്രേരണ നൽകുന്നതും ഈ പിശാചുക്കളല്ലാതെ മറ്റാരുമല്ല. **പൂർവ്വീകരും ആധുനികരുമായ മനുഷ്യരെ ഒരു നിലക്കല്ലെങ്കിൽ മറ്റൊരു നിലക്ക് സ്വീധീനിച്ചു വഴിതെറ്റിക്കുന്ന ജോലി മുടങ്ങാതെ പിശാചു നിർവ്വഹിച്ചുകൊ ണ്ടിരിക്കുന്നു.**

ഖുർആൻ അറിയിക്കുന്നു "ആദ്, സമൂദു വർഗ്ഗക്കാരേയും (നശിപ്പിച്ചു) അവരുടെ പാർപ്പിടങ്ങളിൽ നിന്നു നിങ്ങൾക്കതു വ്യക്തമായിരിക്കുന്നു. ശൈത്വാൻ അവരുടെ പ്രവർത്തനങ്ങളെ അവർക്കു സുന്ദരമാക്കി അവരെ നേർ മാർഗ്ഗത്തിൽ നിന്നും പിഴപ്പിച്ചു. അവർ വളരെ ബുദ്ധിമാൻമാരായിരുന്നുതാനും" (അൻകബൂത്ത് 29:38).

നല്ലകാഴ്ചയും തന്റേടവുമുണ്ടായിരുന്ന 'ആദ്' വർഗ്ഗവും 'സമൂദ്' വർഗ്ഗവും പല പദ്ധതികളും നടപ്പിലാക്കി. ലോകകാര്യങ്ങളിൽ വളരെ കാര്യപ്രാപ്തിയും ബുദ്ധി ശക്തിയുമെല്ലാമുള്ളവരായിരുന്നു അവർ. പക്ഷെ പിശാച് അവരെ വഴിതെറ്റിച്ചു. അവരുടെ വഴിപിഴച്ച ആരാധനകളും അതുമായി ബന്ധപ്പെട്ട ദുരാചാരങ്ങളും മഹത്താണെന്ന ധാരണ പിശാച് അവരുടെ മനസ്സുകളിലുണ്ടാക്കി. പ്രവാചകൻമാർ അവരെ ഉപദേശിച്ചു. പക്ഷെ അവരെ ഇവർ പരി ഹസിച്ചുതള്ളി. സുലൈമാൻ നബി (അ)യുടെ കാലത്ത് യമനിലെ രാജ്ഞിയും ജനതയും സൂര്യനെ ആരാധിക്കു ന്നവരായിരുന്നു. അത് അവരുടെ മനസ്സുകളിൽ സുന്ദരവും മഹത്തരവുമായി പിശാചു തോന്നിപ്പിച്ചു എന്ന് ഖുർ ആൻ പറയുന്നുണ്ട് (നംല് 27:24). **എല്ലാ കാലഘട്ടങ്ങളിലും മനുഷ്യരുടെ ഇടയിൽ അല്ലാഹു അല്ലാത്ത എന്തി നേയും ആരാധിക്കുവാനുള്ള പ്രേരണ ചെലുത്തുകയും അത് അവരുടെ മനസ്സിൽ മഹത്തായി തോന്നിപ്പിക്കു കയും ചെയ്യുന്ന ജോലി അനുസ്യൂതം ശൈത്വാൻ നിർവ്വഹിച്ചു പേരുന്നു. എന്നു മാത്രമല്ല, അത്തരം ആരാധനകൾ സ്വീകരിക്കപ്പെടുകയും അവരുടെ രക്ഷാകർതൃത്വം ഏറ്റെടുത്തുവെന്ന് തോന്നിപ്പിക്കുകയും ചെയ്യുന്നു.**

"ആദമിന് സുജൂദ് ചെയ്യുവാൻ നാം മലക്കുകളോടു കൽപ്പിച്ചു. അവർ സുജൂദ് ചെയ്തു. ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നുകളിൽപെട്ടവനായിരുന്നു. അങ്ങിനെ അവൻ അവന്റെ രക്ഷിതാവിന്റെ കൽപന ധിക്കരിച്ചു. നിങ്ങൾ എന്നെവിട്ട് അവനേയും അവന്റെ സന്താനങ്ങളേയും മിത്രങ്ങളായി സ്വീകരിക്കുകയാണോ ? അവർ നിങ്ങൾക്കു ശത്രുക്കളാണ്. അക്രമകാരികൾക്കു പകരം ലഭിച്ചത് എത്ര ചീത്ത !" (അൽ - കഹ്ഫ് 18:50).

അക്രമകാരികളായ ബഹുദൈവാരാധകൻമാർക്ക് അല്ലാഹുവിനുപകരം ലഭിക്കുന്നത് പിശാചിനേയാണ്, അവ

രുടെ ആരാധന സ്വീകരിക്കുവാൻ. ഒരു വിധത്തിൽ പറഞ്ഞാൽ അല്ലാഹുവിന്നല്ലാത്ത മുഴുവൻ ആരാധനകളും പിശാചിനുള്ളതാണ്. എല്ലാ പ്രതിഷ്ഠകൾക്കും, ആരാധന സ്വീകരിക്കുന്ന, ആസ്വദിക്കുന്ന അതിൽ രസിക്കുന്ന പിശാചുക്കൾ മിത്രങ്ങളായിട്ടുണ്ടാകും. ബിംബാരാധന എന്നെന്നേക്കുമായി മക്കാപരിസരങ്ങളിൽ അവസാനിപ്പിക്കപ്പെട്ടപ്പോൾ റസൂൽ(സ) പ്രഖ്യാപിച്ചു. "നിങ്ങളുടെ ഈ നാട്ടിൽ പിശാച് ആരാധിക്കപ്പെടുന്നതിനെക്കുറിച്ചു നിരാശനായിരിക്കുന്നു....." എന്ന്.

എന്നാൽ പിശാചിനെ തന്നെ നേരിട്ടു ആരാധിക്കുന്ന രീതിയും സുലഭമാണ്. പലതരം മൂർത്തികളേയും പൂജിക്കുന്നവരുമുണ്ട്. മുസ്‌ലിം സമുദായത്തിൽ തന്നെ ഇത്തരക്കാർ ഉണ്ടെന്നുള്ളത് ഒരു സത്യം മാത്രമാണ്. പൈശാചിക കോമരങ്ങൾക്കു കോഴികളേയും ആടുകളേയും ബലിയർപ്പിക്കുന്ന ഏർപ്പാടും മുസ്ലിം സമുദായത്തിൽ തന്നെ കാണാം. പല കുലദൈവങ്ങളേയും ദേവതകളേയും ആരാധിക്കുന്ന ബിംബാരാധകൻമാരെല്ലാം പിശാചിനെ തന്നെ നേരിട്ടാരാധിക്കുന്നവരാണ്. **എല്ലാവരേയും ഒരുമിച്ചു കൂട്ടുന്ന ഘട്ടത്തിൽ പരലോകത്തുവെച്ച് അല്ലാഹു മലക്കുകളോടു "ഇവർ നിങ്ങളെയായിരുന്നോ ആരാധിച്ചിരുന്നത്" എന്നു ചോദിക്കുകയും "അല്ല അവർ ജിന്നുകളെയാണ് ആരാധിച്ചിരുന്നത്" എന്നു മലക്കുകൾ മറുപടി പറയുകയും ചെയ്യുമെന്ന് ഖുർആൻ പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്.**

ദേവീപൂജ നടത്തുന്നതും പിശാചിനുള്ള ആരാധനതന്നെ. "അവർ സ്ത്രീകളെയല്ലാതെ വിളിച്ചു പ്രാർത്ഥിക്കുന്നില്ല, അവർ ആട്ടപ്പെട്ട പിശാചിനെയല്ലാതെ വിളിക്കുന്നില്ല" (അന്നിസാഅ് 4:117). മലക്കുകളെ സ്ത്രീകളാണെന്ന് സങ്കൽപിച്ച് വിളിച്ചു പ്രാർത്ഥിക്കുന്ന ഏർപ്പാട് അന്നത്തെ അറബികളുടെ ഇടയിലുണ്ടായിരുന്നു. സ്ത്രീകളെ എന്തെങ്കിലും പറഞ്ഞ് വഞ്ചിക്കാനും സ്വാധീനിക്കാനും എളുപ്പമാണല്ലോ. കപടാരാധനകൊണ്ട് അവരെ തൃപ്തിപ്പെടുത്തി കാര്യം നേടാമെന്നാണ് ധാരണ. ഇവിടേയും ദേവീപൂജ നടത്തുന്നതിന്റെ പിന്നിലുമുള്ള മന:ശാസ്ത്രം ഇതുതന്നെയാണ്. ഏതായാലും എല്ലാം പിശാചിനുള്ള ആരാധന തന്നെ. **മനുഷ്യരുടെ ഇടയിൽ വളരെ വിപുലമായി പ്രചാരത്തിലുള്ള ഒരു ഏർപ്പാടാണ് പിശാചിനുള്ള ആരാധന എന്നത് വളരെ വ്യക്തമാണ്.** അതാണ് ഖുർആനിലൂടെ അല്ലാഹു പറയുന്നത്. "ആദം സന്തതികളേ! നിങ്ങൾ പിശാചുക്കളെ ആരാധിക്കരുത് എന്ന് ഞാൻ നിങ്ങളോട് ആജ്ഞാപിച്ചില്ലേ. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്. നിങ്ങൾ എന്നെ ആരാധിക്കുവിൻ. അതാണ് നേർമാർഗ്ഗം (എന്നും കൽപിച്ചു). നിശ്ചയമായും നിങ്ങളിൽ നിന്ന് നിരവധി കൂട്ടരെ അവൻ വഴിപിഴപ്പിച്ചിരിക്കുന്നു. നിങ്ങൾ ബുദ്ധിപൂർവ്വം ചിന്തിക്കുന്നവരായിരുന്നില്ലേ." (യാസീൻ 36:60-61) ഇത് പരലോകത്തുവെച്ച് അല്ലാഹു ചോദിക്കുന്നതാണ്. **പിശാചിനുള്ള ആരാധന നേരിട്ടുള്ളതും പ്രതിഷ്ഠകൾ മുഖേനെയും ഇത്ര വിപുലമായ നടക്കുമ്പോൾ ഖുർആൻ ഇവിടെ പറയുന്നത് അത്തരം ആരാധനയെ സംബന്ധിച്ചു തന്നെയാണ് എന്ന്വെക്കുകയാണ് ബുദ്ധിപൂർവ്വകം. വേറെ അർത്ഥം ഇബാദത്തിന് പരതി നടക്കേണ്ടതില്ല.**

## അദ്വൈതാനുഭൂതിയും വഹ്ദത്തുൽ വുജൂദും

മുൻ പ്രസ്താവിച്ച രണ്ടുതരം ആരാധനകൾക്കു പുറമെ പിശാചിനുള്ള ഉയർന്ന തരത്തിലുള്ള മറ്റൊരു ആരാധനാ മാർഗ്ഗമുണ്ട്. **സ്വയം ദൈവങ്ങളായി മാറുവാൻ കൊതിക്കുന്ന ഒരു വിഭാഗത്തിന്റേതാണത്. ഒരു കൂട്ടം സൂഫികളും, സന്യാസികളും തങ്ങളിൽ തന്നെ ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു അവർ ധരിക്കുന്ന ദൈവീകാംശവുമായി ലയം പ്രാപിച്ച് ദൈവതുല്യരാകാൻ നടത്തുന്ന ധ്യാനങ്ങളും സാധനകളുമുണ്ട്. അദൃശ്യമായതറിയാനും, അമാനുഷികമായ കഴിവുകൾ നേടാനും, ദൈവതുല്യരായി ആരാധിക്കപ്പെടാനും വാസനയുള്ള ചില മനുഷ്യരുണ്ട്. അവരെ ഇത്തരം ആരാധനകളും സാധനകളും വേഗത്തിൽ ആകർഷിക്കുന്നു.** അല്ലാഹുവിനെ പറ്റിയുള്ള ഒരു ഭയവും ഇത്തരക്കാർക്കുണ്ടായിരിക്കില്ല. പരലോകത്ത് നരക ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗ്ഗം ലഭിക്കണമെന്നുള്ള ആശയും ഉണ്ടായിരിക്കുകയില്ല. ഈ ലോകത്ത് അമാനുഷികമായ കഴിവുകൾ ലഭിക്കണം. ജനങ്ങളുടെ ഇടയിൽ ദൈവതുല്യരായി ഗണിക്കപ്പെടണം, ആരാധിക്കപ്പെടണം, ബഹുമാനിക്കപ്പെടണം എന്നെല്ലാമായിരിക്കും ഇവരുടെ ലക്ഷ്യം. ശൈത്വാൻ ഇത്തരക്കാരെ അവരുടെ ലൈനിലങ്ങോട്ടു കൊണ്ടുപോകുന്നു. അവർക്കു അദ്വൈതാനുഭൂതിയും, കശ്ഫും, വഹ്ദത്തുൽ വുജൂദും എല്ലാം പിശാച് അനുഭവിപ്പിച്ചു കൊടുക്കുന്നു.

"പരമകാരുണിന്റെ ഉൽബോധനത്തെ (ഖുർആനെ) വിട്ടു വിമുഖത കാണിക്കുന്നവന് നാം ഒരു പിശാചിനെ ഏൽപിച്ചു കൊടുക്കുന്നു. അവൻ അവന്റെ കൂട്ടാളിയായിരിക്കും. അവൻ അവരെ നേർമാർഗ്ഗത്തിൽ നിന്ന് തടയുന്നു. എന്നാൽ അവർ നേർമാർഗ്ഗം പ്രാപിച്ചവരാണെന്ന് ധരിക്കുകയും ചെയ്യുന്നു. അങ്ങിനെ നമ്മുടെ അടുക്കൽ വന്നാൽ (മരണത്തോടുകൂടി) അവൻ (മനുഷ്യൻ) പറയുന്നു. എന്റേയും നിന്റേയും ഇടയിൽ ഉദയാസ്തമയസ്ഥാനങ്ങളുടെ അകൽച്ചയുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നീ ഏറ്റവും ചീത്തകൂട്ടാളിതന്നെ". (സുഖ്റുഫ് 43:38)

സന്യാസത്തിലൂടെയും സാധനകളിലൂടെയും മനുഷ്യൻ സ്വയം ദൈവമാകാൻ ശ്രമിക്കുമ്പോൾ സംഭവിക്കുന്നതിലേക്കു ഈ സൂക്തങ്ങൾ വെളിച്ചം വീശുന്നു. എല്ലാറ്റിലും ദൈവീകാംശം ഉണ്ടെന്നും സൃഷ്ടിയും സ്രഷ്ടാവും രണ്ടല്ലെന്നും (അദ്വൈതം) മനുഷ്യന് അവനിലുള്ള ദൈവീകത്വത്തെ സാക്ഷാത്കരിച്ച് സ്വയം ദൈവീകനില പ്രാപിക്കുവാൻ സാധിക്കുമെന്നും സിദ്ധാന്തിക്കുന്ന അദ്വൈതവും വഴിപിഴച്ച സൂഫിസവും മനുഷ്യനെ പിശാചിന്റെ കൈകളിലേക്കെറിഞ്ഞുകൊടുക്കുന്നു. ദൈവീകനില പ്രാപിക്കാനുള്ള മനുഷ്യന്റെ അഹന്തയെ തൃപ്തിപ്പെടുത്തുവാൻ 'അദ്വൈതാനുഭൂതിയും' 'വഹ്ദത്തുൽവുജൂദും' പിശാചു അവന് ഉണ്ടാക്കിക്കൊടുക്കുന്നു. ഇവൻ ദൈവ മാർഗ്ഗത്തിലാണെന്ന് മരണംവരെ ധരിക്കുകയും ചെയ്യുന്നു. അവന്റെ ഖരീൻ (കൂട്ടാളിയായ പിശാച്) മരണ

സമയത്ത് വേർപെട്ട്, മനുഷ്യാത്മാവു അല്ലാഹുവിന്റെ സന്നിധിയിൽ ഒറ്റക്ക് എത്തുമ്പോൾ മാത്രമാണ് തനിക്കുപറ്റിയ അമളി മനുഷ്യന് മനസ്സിലാകുന്നത്. ഇത്തരം ആരാധനയിലൂടെ മനുഷ്യനും അവന്റെ കൂട്ടാളിയായ പിശാചും തമ്മിൽ കൂടുതൽ അടുക്കുകയും അവരുടെ ഇടയിലുള്ള മറ നീങ്ങിയതായി മനുഷ്യന് അനുഭവപ്പെടുകയും ചെയ്യുന്നു (കശ്ഫ്). ഇത് മനുഷ്യന്റേയും ദൈവത്തിന്റെയും ഇടയിലുള്ള മറ നീങ്ങിയതാണെന്ന് ഈ മനുഷ്യൻ ധരിക്കും. അദൃശ്യകാര്യങ്ങളും കൂടി അറിയാവുന്ന ദൈവീകനില താൻ പ്രാപിച്ചിരിക്കുകയാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. **“അഹം ബ്രഹ്മാസ്മിയും” “അനൽഹക്കും” എല്ലാം ഇത്തരം അനുഭൂതികളുടെ മൂർദ്ധന്യത്തിലുണ്ടാകുന്ന തോന്നലുകളായിരിക്കും.**

ഇങ്ങിനെ ആരാധനയിലൂടെ പിശാചിന്റെ മിത്രങ്ങളായി മാറുന്നവർക്ക് പിശാചിൽ നിന്നുള്ള ചില ഉപകാരങ്ങളും ലഭിച്ചേക്കും. പൈശാചിക ബോധനങ്ങൾ കിട്ടുകയും തങ്ങൾ അദൃശ്യകാര്യങ്ങൾ അറിയുന്നുവെന്ന് അവർക്കു തോന്നുകയും ചെയ്യും. **ആരെങ്കിലും അവരെ വല്ല കാര്യത്തിനും കാണാൻ വന്നാൽ എവിടെനിന്ന് എന്താവശ്യത്തിനു വരുന്നു എന്നും മറ്റും അവർ അഡ്വാൻസായി പറഞ്ഞൊപ്പിച്ചു കളയും. ഇവർ അദൃശ്യകാര്യങ്ങൾ അറിയുന്ന ദൈവത്തിന്റെ പ്രത്യേക ആളുകളാണെന്ന് ജനം ധരിച്ചേക്കുകയും ചെയ്യും. ഈ കള്ള ‘ദിവ്യ’ൻമാരുടെ പിശാചുക്കളിൽ നിന്ന് അവർക്കു കിട്ടുന്ന ചില്ലറ ഉപകാരങ്ങളാണിതെല്ലാം.**

“ആരുടെ ഉപദ്രവങ്ങൾ ഉപകാരത്തേക്കാൾ അടുത്തതാണോ അങ്ങിനെയുള്ളവരെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നു. നിശ്ചയമായും എത്ര ചീത്ത രക്ഷാധികാരി. എത്ര ചീത്ത കൂട്ടുകാരൻ”. (അൽഹജ്ജ് 22:13)

ഒരു ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയാത്ത വസ്തുക്കളെ മനുഷ്യൻ ആരാധിക്കുന്നതിനെപ്പറ്റിയും പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും ഖുർആൻ ധാരാളമായി പ്രതിപാദിക്കുന്നുണ്ട്. ഒരിടത്ത് മാത്രം “ഉപകാരത്തേക്കാൾ വേഗം ഉപദ്രവം ചെയ്യുന്നവരായ ഇവർ” എന്നു പറഞ്ഞിട്ടുണ്ട്. ബഹുദൈവാരാധകർ പരലോകത്ത് വെച്ച് തങ്ങളുടെ ആരാധ്യവസ്തുക്കളെ ഇപ്രകാരം വിളിച്ചു പറഞ്ഞ്. “എത്ര ചീത്ത സഹായി ? എത്ര ചീത്ത കൂട്ടുകാരൻ ?” എന്ന് ആക്ഷേപിക്കുകയും ശപിക്കുകയും ചെയ്യുമെന്ന് ഖുർആൻ അറിയിക്കുന്നു.

ഒരിക്കലും ഹിദായത്ത് ലഭിക്കാത്ത നില കൈവരികയും എന്നാൽ തങ്ങൾ ഹിദായത്തിലാണെന്ന് ധരിക്കുകയും ചെയ്യുന്ന ശൈത്വാന്റെ മിത്രങ്ങൾക്ക് (ഔലിയാഅ്) അവനിൽ നിന്നുള്ള ചില ഉപകാരങ്ങൾ ലഭിക്കുന്നു. ഇബ്രാഹീം നബി(അ) പിതാവിനോട് പറയുന്നത് ശ്രദ്ധേയാണ്. “പിതാവേ! നിങ്ങൾ പിശാചിനെ ആരാധിക്കരുത്. ശൈത്വാൻ പരമകാരുണ്യവാന് എതിർ പ്രവർത്തിക്കുന്നവനാണ്. നിങ്ങൾക്കു കാരുണ്യവാനിൽ നിന്നുള്ള ശിക്ഷ ബാധിക്കുകയും അങ്ങിനെ നിങ്ങൾ പിശാചിന്റെ മിത്രമാകുകയും ചെയ്തേക്കുമെന്നു ഞാൻ തീർച്ചയായും ഭയപ്പെടുന്നു”. (മർയം 19:44-45)

**ഒരിക്കലും നേർമാർഗ്ഗം പ്രാപിക്കാൻ സാധ്യമല്ലാത്ത പിശാചിന്റെ മിത്രമാകുക എന്ന ആ നില കൈവരിക എന്നത് അല്ലാഹുവിന്റെ ശിക്ഷ തന്നെയാണ്.** എന്നാൽ പിശാചിൽ നിന്നുള്ള ചില ഉപകാരങ്ങൾ ലഭിക്കുമെന്നു കണ്ടാൽ പരലോകത്തേക്കാൾ ഇഹലോക ജീവിതത്തെ ഇഷ്ടപ്പെടുന്ന മനുഷ്യർ ആ ഉപകാരങ്ങൾ നിരന്തരമായി ലഭിക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിൽ വ്യാപൃതരാകും. ഒരുപക്ഷേ ഖുർആൻ ഈ ഉപകാരത്തെപ്പറ്റി ഒരു സ്ഥലത്ത് മാത്രം സൂചിപ്പിച്ച് പിന്നീടൊന്നും പറയാതെവിട്ടത് അതുകൊണ്ടായിരിക്കാം. ജിന്നിൽ നിന്നുള്ള പിശാചിനുവേണ്ടി മനുഷ്യൻ നടത്തുന്ന ആരാധനകളും പൂജകളും സേവകളും വളരെ വിപുലവും വൈവിദ്ധ്യമുള്ളവയുമാണ്. അവയെല്ലാം വിശദീകരിക്കാൻ സാധ്യമല്ല. **പൈശാചിക ബോധനങ്ങൾക്കു മനുഷ്യൻ വഴിപ്പെട്ട് അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ മനുഷ്യനും പിശാചും തമ്മിൽ തമ്മിൽ ആസ്വദിക്കുന്ന നിലയുണ്ടാകുന്നു. ആരാധനാ വിഷയത്തിലാകുമ്പോഴാണ് ഈ ആസ്വാദനം ഏറ്റവും കൂടുതൽ ഉണ്ടാകുന്നത്.** ഒരു സ്ഥിരം മുച്ചീട്ടു കളിക്കാരന്റെ സ്ഥിതി ആലോചിച്ചു നോക്കുക. അവന് കളിക്കാനുള്ള പ്രേരണ മനസ്സിലിട്ടുകൊടുക്കുന്ന പിശാചിനെ അനുസരിച്ച് അവൻ കളിക്കുമ്പോൾ അവനും അവന്റെ പിശാചും ഒരുപോലെ രസിക്കുന്നു. അവൻ വിചാരിച്ചാൽ തന്നെ അതിൽ നിന്ന് വിമുക്തനാകാൻ സാധ്യമല്ലാത്ത നില അവനുണ്ടാകുന്നു. ഇത് പോലെ തന്നെയാണ് എല്ലാ ചീത്ത പ്രവൃത്തികളുടെയും നില. മനുഷ്യനും പിശാചും പരസ്പരം ഉപയോഗപ്പെടുത്തിക്കൊണ്ട് ആസ്വാദനം നടത്തുന്നു.

“അവരേയെല്ലാം അവൻ (അല്ലാഹു) ഒരുമിച്ചുകൂട്ടുന്ന ദിവസം! ജിന്നുകളുടെ സമൂഹമേ, മനുഷ്യരെ നിങ്ങൾ വളരെയേറെ സ്വാധീനിച്ചു കളഞ്ഞു (എന്നു അല്ലാഹുപറയും). മനുഷ്യരിൽ നിന്നുള്ള ജിന്നുകളുടെ മിത്രങ്ങൾ പറയും, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി. നീ വിധിച്ച അവധി ഞങ്ങൾക്കു എത്തുകയും ചെയ്തു. (അൻആം 6:128)

തമ്മതമ്മിലുള്ള ഈ ആസ്വദിക്കലും ഉപയോഗപ്പെടുത്തലും ഏറ്റവും കൂടുതൽ നടക്കുന്നത് ആരാധനയുടെ കാര്യത്തിലാണ്. ഈ അന്യോന്യാസ്വാദനത്തിന്റെ ഏറ്റവും ഉയർന്ന രൂപങ്ങളാണ് അദ്വൈതാനുഭൂതിയും, വഹ്ദത്തുൽ വുജൂദുമെല്ലാം. **ആരാധനയിലൂടെ പിശാചിന്റെ മിത്രങ്ങളാകുന്നവർക്കു മാത്രമേ പിശാചിൽ നിന്നുള്ള ഉപകാരങ്ങൾ (അവന്റെ ബോധനങ്ങൾ) ലഭിക്കുന്നുള്ളൂ. തെമ്മാടിത്തത്തിൽ അവനെ അനുസരിക്കുന്ന അവന്റെ മിത്രങ്ങൾക്കു അത്തരം ഉപകാരങ്ങൾ ലഭിക്കുകയില്ലായിരിക്കാം.** ആരാധനയുടെ കാര്യത്തിൽ ജിന്നിൽ നിന്നുള്ള പിശാച് മനുഷ്യനെ വഴിതെറ്റിക്കുന്നതിന്റെ ചില രൂപങ്ങളാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. മനുഷ്യ ജീവിതത്തിന്റെ മറ്റ് രംഗങ്ങളിലും പിശാചിന്റെ സ്വാധീനം വളരെ വിപുലമാണ്. **പരലോക വിശ്വാസം തീരെ നശിപ്പിച്ച്, ഇഹലോക ജീവിതത്തിന് അതിർകവിഞ്ഞ പ്രാധാന്യം നൽകി മനുഷ്യനെ അവന്റെ ജീവിതലക്ഷ്യത്തിൽ നിന്നും തീരെ വഴി**

**തെറ്റിക്കുവാൻ എല്ലാ കഴിവുകളും ഉപയോഗിച്ച് ശൈത്വാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.** സാഹിത്യം, കല, തത്വജ്ഞാനം, വിവിധ ശാസ്ത്രങ്ങൾ എന്നിങ്ങിനെയുള്ള ഉയർന്ന മണ്ഡലങ്ങളിലും, സമ്പത്തിന്റേയും സന്തതികളുടേയും കാര്യത്തിലും മറ്റെല്ലാ സാധാരണ കാര്യങ്ങളിലും മനുഷ്യനെ സ്വാധീനിക്കാൻ പിശാച് പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അതേക്കുറിച്ചു വഴിയെ പ്രതിപാദിക്കാം.

"പിശാചിൽ നിന്ന് വല്ലപ്പോഴും നിനക്കു കുത്തേൽക്കുന്ന പക്ഷം അല്ലാഹുവിൽ അഭയം തേടുക. നിശ്ചയം അവൻ കേൾക്കുന്നവനും അറിയുന്നവനുമാണ്. തീർച്ചയായും ഭക്തരായിട്ടുള്ളവർ പിശാചിന്റെ വല്ല പ്രേരണയും അവരെ ബാധിച്ചാൽ അവർ ഓർമ്മിക്കും അപ്പോൾ അവർ കാഴ്ചയുള്ളവരാകും. അവരുടെ (പിശാചുക്കളുടെ) സഹോദരങ്ങളെ, പിശാചുക്കൾ ദുർമ്മാർഗ്ഗത്തിൽ നീട്ടിയിടുന്നു. പിന്നെ അവർ വിരമിക്കുന്നില്ല". (അഅ്റാഫ് 7:200-202)

പൈശാചിക പ്രേരണകൾ ഉണ്ടാകുമ്പോൾ അല്ലാഹുവിലും പരലോകത്തിലും ഉറച്ചു വിശ്വസിക്കുന്ന ഭക്തൻമാർ അല്ലാഹുവിൽ അഭയം തേടുന്നു. **അവർ ഖുർആനിലും നബിവചനങ്ങളിലും പിശാചിനെപ്പറ്റി വന്നിട്ടുള്ള കാര്യങ്ങൾ ഓർക്കുകയും ഈ പ്രേരണ പിശാചിൽ നിന്നുള്ളതാണെന്നു മനസ്സിലാക്കുകയും അങ്ങിനെ അതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നു.** അല്ലാത്തവർ ഈ പ്രേരണകൾ സ്വീകരിച്ച് അതുപ്രകാരം പ്രവർത്തിച്ച് ആ മാർഗ്ഗത്തിൽ അങ്ങിനെ പുരോഗമിക്കുന്നു. ജിന്നിനേയും, ജിന്നിൽ നിന്നുള്ള പിശാചുക്കളേയും നിഷേധിക്കുന്നവർക്ക്, ഖുർആനിൽ വന്നിട്ടുള്ള ഈ കാര്യങ്ങളെ ദുർവ്യാഖ്യാനം ചെയ്തു മാറ്റി മറിക്കുന്നവർക്ക്, പൈശാചിക പ്രേരണകൾ വരുമ്പോൾ ഓർമ്മിക്കുവാനോ, മനസ്സിലാക്കുവാനോ ഒന്നുമുണ്ടായിരിക്കുകയില്ലല്ലോ! അതെല്ലാം അവരുടെ മാനസിക പ്രവർത്തനങ്ങളും ചിന്തകളുമായേ അവർ കാണുകയുള്ളൂ. യഥാർത്ഥത്തിൽ ഈ ദുർവ്യാഖ്യാനങ്ങൾ ചെയ്യാൻ അവരേ പ്രേരിപ്പിച്ചതും ഇത് മഹത്താണെന്നും ശാസ്ത്രീയമാണെന്നും അവരുടെ മനസ്സുകളിൽ തോന്നിപ്പിച്ചുകൊണ്ടിരിക്കുന്നതും പിശാചു തന്നെയാണ്. **പിശാചിന്റെ സഹോദരങ്ങളായി മാറുന്ന ഇത്തരക്കാർ വിരമിക്കാതെ മുന്നോട്ടു പോകുന്നു. ഖുർആൻ ദുർവ്യാഖ്യാനം ചെയ്യാനും ഹദീസുകൾ തോട്ടിലെറിയാനും ഇസ്ലാമിനെ ആകെ മാറ്റിമറിക്കാനും എല്ലാമുള്ള സംരംഭങ്ങളുമായി പ്രസംഗിച്ചും എഴുതിയും നടക്കുന്ന ഇവരും ഇവരുടെ കൂട്ടാളികളായ പിശാചുക്കളും തമ്മിൽ തമ്മിൽ ബോധനം നടത്തിക്കൊണ്ടു ദുർമ്മാർഗ്ഗത്തിൽ നിന്ന് വിരമിക്കാതെ വിഹരിക്കുകയാണ്.** അതുകൊണ്ട് അല്ലാഹുവിന്റെ മുന്നറിയിപ്പ് മറക്കാതെ മനുഷ്യവർഗ്ഗത്തിന്റെ ഈ ശത്രുവിനേയും അവന്റെ കൂട്ടുകാരേയും സൂക്ഷിക്കുക.

"നിശ്ചയം പിശാചു നിങ്ങളുടെ ശത്രുവാണ് അവനെ ശത്രുവായി തന്നെ കണക്കാക്കുക. അവൻ അവന്റെ കൂട്ടുകാരെ ക്ഷണിക്കുന്നത് നരകവാസികളാകാൻ വേണ്ടി മാത്രമാണ്". (ഫാത്വിർ 35:6)

## മഹാ വഞ്ചകൻ

"ഹേ മനുഷ്യരേ! നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ പുത്രന് യാതൊരുപകാരവും ചെയ്യാത്തതും, ഒരു പുത്രനും തന്റെ പിതാവിന് ഒരു ഉപകാരവും ചെയ്യാത്തതുമായ ദിവസത്തെ നിങ്ങൾ ഭയപ്പെടുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദത്തം സത്യമാണ്. അതുകൊണ്ട് ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. മഹാവഞ്ചകൻ അല്ലാഹുവിനെക്കുറിച്ചു നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ". (ലുഖ്മാൻ 31:33)

'മഹാവഞ്ചകൻ' എന്ന് ഖുർആൻ വിളിച്ചിട്ടുള്ള 'ശൈത്വാൻ' വളരെ ബുദ്ധിമാൻമാരും വിവേകശാലികളുമായ മനുഷ്യരെപ്പോലും അവരുടെ ആരാധനയുടെ കാര്യത്തിൽ വഞ്ചിതരാക്കുന്നതിന്റെ ചില ഉദാഹരണങ്ങളാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനുപകരം മറ്റു പലതിനേയും ആരാധിക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും അത്തരം ആരാധനകൾ മഹത്താണെന്ന് ധാരണ മനുഷ്യ മനസ്സിൽ വളർത്തുകയും ചെയ്തുകൊണ്ട് പിശാച് ഭൂരിപക്ഷം മനുഷ്യരേയും വഞ്ചിക്കുന്നു. **പിശാചിന്റെ ഏറ്റവും വലിയ മറ്റൊരു വഞ്ചന പരലോക വിശ്വാസത്തിന്റെ കാര്യത്തിലാണ്. ഏക ദൈവാരാധനയുമായി ഏറ്റവുമധികം ബന്ധപ്പെട്ടിരിക്കുന്ന ഒരു വിഷയമാണ് പരലോക വിശ്വാസം. തൗഹീദ് പോലെ തന്നെ എല്ലാ പ്രവാചകൻമാരും മനുഷ്യരുടെ ശ്രദ്ധയിൽപെടുത്തുവാൻ ആവർത്തിച്ചാവർത്തിച്ചു ശ്രമിച്ചിട്ടുള്ള കാര്യവുമാണ്.**

**അവസാനനാളിൽ എല്ലാം നശിച്ചതിനുശേഷം 'പുനരുത്ഥാനവും പരലോക ജീവിതവും', മനുഷ്യരും ജിന്നുകളുമെല്ലാം, ഒരാളും വിട്ടുപോകാതെ ഉയർത്തെഴുന്നേൽപിക്കപ്പെടുമെന്നും ഓരോരുത്തരുടേയും ഈ ജിവിതത്തിലെ പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുമെന്നും, പിന്നീട് എന്നെന്നും നിലനിൽക്കുന്ന മരണമില്ലാത്ത ജീവിതമാണെന്നും ഖുർആൻ ആവർത്തിച്ചാവർത്തിച്ച് മനുഷ്യരെ ഓർമ്മപ്പെടുത്തുന്നു. ഖുർആന്റെ ഏകദേശം മൂന്നിൽ ഒരു ഭാഗം തന്നെ ഈ വിഷയ സംബന്ധമായിട്ടാണെന്ന് പറയാം. ലൗകിക വിജ്ഞാനം കൊണ്ടോ, ശാസ്ത്രീയ വളർച്ചകൊണ്ടോ ഗ്രഹിക്കാൻ കഴിയാത്ത ഒരു കാര്യമാണിത്.** ഐഹിക ജീവിതത്തിന്റെ ലഹരിബാധിച്ച മനുഷ്യന് അതിനപ്പുറം ചിന്തിക്കുവാനുള്ള കഴിവ് നശിക്കുകയാണ്. മരവിച്ച മനുഷ്യ ഹൃദയങ്ങളെ ഉണർത്താൻ ഖുർആൻ ഈ വിഷയം പലരൂപത്തിലും പ്രതിപാദിക്കുന്നു. **എന്നാൽ ഭൂരിപക്ഷത്തേയും ഇതേക്കുറിച്ച് അന്ധരാക്കുകയും ഇഹലോക ജീവിതത്തിന്റെ നൂലാമാലകളിൽ മാത്രം വ്യാപൃതരാകുകയും ചെയ്യാൻ മഹാവഞ്ചകനായ പിശാച് നടത്തുന്ന പ്രവർത്തനങ്ങൾ വിവിധങ്ങളാണ്.** ഓരോ മനുഷ്യന്റേയും നിലവാരത്തിനനുസൃതമായ, വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവും മറ്റുമായ നിലക്കുള്ള പ്രേരണകൾ മനസ്സിൽ പിശാച് ചെലുത്തുന്നു. സമ്പത്തിനെപ്പറ്റിയും സന്തതികളെപ്പറ്റിയും ലൗകിക ജീവിതത്തിന്റെ നേട്ടങ്ങളെപ്പറ്റിയും മിഥ്യാബോധങ്ങളും വ്യാമോഹങ്ങളും തെറ്റായ ധാരണകളും വളർത്തുന്ന ജോലി പിശാചുക്കൾ ഒറ്റയ്ക്കും കൂട്ടായും നിർവ്വഹിച്ചുകൊ

ണ്ടിരിക്കുന്നു. ഇബ്‌ലീസിനോട് അല്ലാഹു പറഞ്ഞ വാചകങ്ങൾ പിശാചുക്കൾ മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ വിപുലതയും വൈവിധ്യവും വെളിവാക്കുന്നുണ്ട്.

"അവരിൽ നിന്ന് നിനക്കു കഴിയുന്നിടത്തോളം ആളുകളെ നിന്റെ ശബ്ദം കൊണ്ട് നീ ഇളക്കി വിടുക. അവർക്കെതിരിൽ നിന്റെ കുതിരപ്പടയേയും കാലാൾപടയേയും നീ വിളിച്ചു കൂട്ടുക. ധനങ്ങളിലും സന്താനങ്ങളിലും അവരുടെ പങ്കാളികളായിക്കൊള്ളുക. അവരോടു വാഗ്ദത്തം ചെയ്തുകൊള്ളുക. വഞ്ചനയല്ലാതെ പിശാച് അവരോട് വാഗ്ദത്തം ചെയ്യുന്നില്ല. (ഇസ്രാഅ് 17:64).

**മുകളിൽ പറഞ്ഞതുപോലെ മനുഷ്യന്റെ സൃഷ്ടിപ്പോടുകൂടി ജിന്നിൽ നിന്നുള്ള ഒരു വിഭാഗത്തേയും മനുഷ്യരേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു മഹാപരീക്ഷണവും ആരംഭിച്ചിരിക്കുകയാണ്. ഈ പരീക്ഷണത്തിൽ വിജയം നേടുന്നവർക്കാണ് സ്വർഗ്ഗം നേടാൻ സാധിക്കുക.** മനുഷ്യൻ സ്വന്തം ദേഹേച്ഛകളോടും പൈശാചിക പ്രേരണകളോടും സമരം ചെയ്തു പരിശുദ്ധി നേടിയിട്ടു വേണം സ്വർഗത്തിനർഹനാകാൻ. **മനുഷ്യ മനസ്സിൽ തെറ്റായ ചിന്തകളും വിചാരങ്ങളുമുണ്ടാക്കാൻ പിശാചിന്റെ ശബ്ദത്തിനു സാധിക്കുന്നു. ചെവികളിൽ കൂടി കേൾക്കുന്ന ശബ്ദം മാത്രമല്ല ഇത്. മനസ്സിൽ കേൾക്കുന്ന ശബ്ദവുമുണ്ട്. മനുഷ്യരെ ഒന്നായി നയിക്കുന്ന ഉൽസവങ്ങളിലും നേർച്ച ഉറൂസുകളിലും മറ്റും പിശാചിന്റെ കാലാൾപ്പടയും കുതിരപ്പടയും പ്രവർത്തിക്കുന്നതായി പറയാം. അതുപോലെ ഇന്നത്തെ പ്രകടനങ്ങളിലും ജാഥകളിലും ജൻമദിന റാലികളിലും മറ്റും പിശാചിന്റെ കൂട്ടായ പ്രവർത്തനം നടക്കുന്നുണ്ട് എന്നതിൽ സംശയിക്കാനില്ല.**

## സമ്പത്തും പിശാചും

സമ്പത്തിന്റെയും സന്താനങ്ങളുടേയും കാര്യത്തിൽ പങ്കുകാരനാകുക എന്നു പറഞ്ഞത് വളരെ ചിന്താർഹമായ ഒരു വിഷയമാണ്. ഓരോ മനുഷ്യനും അവന്റെ കൂട്ടാളിയായ പിശാചുണ്ട് (ഖരീൻ). ജനനം മുതൽ അവന്റെ അനുഭവങ്ങൾ ഉൾക്കൊണ്ടും, അവന്റെ വളർച്ചയ്ക്കനുസരിച്ചു മനസ്സിൽ പ്രേരണ ചെലുത്തിക്കൊണ്ടും അവന്റെ കൂടെ വളരുകയും, മരണത്തോടുകൂടി മാത്രം വിട്ടുപോകുകയും ചെയ്യുന്ന ഈ അദൃശ്യനായ കൂട്ടാളിയെപ്പറ്റി ഖുർആനിലും നബിവചനങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. **ധനം ഏതു മാർഗ്ഗത്തിൽ കൂടിയും സമ്പാദിക്കുവാനും ധനം തന്നെയാണ് എല്ലാറ്റിനും ഉപരിയായത് എന്ന ധാരണ വളർത്താനും പിശാച് പ്രേരണ നൽകുന്നു.** ധനം സമ്പാദിക്കുന്നതിലും അതു സംഭരിക്കുന്നതിലും വ്യാപൃതനായ മനുഷ്യൻ പലപ്പോഴും തന്റെ ജീവിത ലക്ഷ്യം തന്നെ ധനസമ്പാദന മാർഗ്ഗമാക്കുന്നു. സമ്പത്ത് ജീവിതാവശ്യത്തിന് എന്നതിനു പകരം ജീവിതം തന്നെ സമ്പത്തിനു വേണ്ടിയായിത്തിരുന്നു. "അവന്റെ ധനം അവനെ അനശ്വരനാക്കിയിരിക്കുന്നു എന്നവൻ ധരിക്കുന്നു" (ഹുമസ 104:3) എന്ന നിലവരെ മനുഷ്യൻ എത്തുന്നു. "ഇത് നശിച്ചുപോകുമെന്ന് ഒരുക്കലും ഞാൻ കരുതുന്നില്ല. അഥവാ എന്റെ രക്ഷിതാവിന്റെ അടുക്കലേക്കു ഞാൻ മടക്കപ്പെടുന്ന പക്ഷം ഇതിനക്കാൾ മെച്ചപ്പെട്ട മടക്കസ്ഥലം എനിക്ക് കിട്ടുക തന്നെ ചെയ്യും". (അൽകഹ്ഫ് 18:35-36) എന്ന് സമ്പന്നനായ ഒരു തോട്ടമുടമ പറഞ്ഞിട്ടുള്ളത്, പൊതുവെ ധനത്തിനു മനുഷ്യന്റെ മേലുള്ള സ്വാധീനം ഏതു വഴിക്കാണെന്ന് നമ്മെ പഠിപ്പിക്കുന്നു. **അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസം ഉറപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസദൃഢത വർദ്ധിക്കുകയും സൻമാർഗ്ഗം ലഭിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.**

എന്നാൽ ബഹുഭൂരിപക്ഷം മനുഷ്യരും സമ്പത്തിന്റെ കാര്യത്തിൽ പിശാചിന്റെ പങ്കാളികളാകുകയും പരലോക വിശ്വാസം നഷ്ടപ്പെട്ട് ജീവിതം സമ്പത്തിനുവേണ്ടി എന്ന മുദ്രാവാക്യം സ്വീകരിക്കുന്നവരായി മാറുകയും ചെയ്യുന്നു. **തൊണ്ണൂറു കഴിഞ്ഞു രോഗശയ്യയിൽ മരണത്തെ കാത്തുകിടക്കുന്നവൻ തന്റെ സമ്പത്തിന്റെ ഭദ്രതയെ പറ്റിയും അതിന്റെ വർദ്ധനവിനെപ്പറ്റിയും മാത്രം ചിന്തിക്കത്തക്കവണ്ണം പിശാച് അവനെ അതുമായി ബന്ധിപ്പിക്കുന്നു.** നിത്യേന തന്റെ സമ്പാദ്യങ്ങൾ എണ്ണിവെക്കുകയും അതിൽ രസിക്കുകയും തന്റെ ഖജനാവിനു കാവലിരിക്കുകയും അതിന്റെ താക്കോൽ എന്തുവന്നാലും കൈവിടാതിരിക്കുകയും ചെയ്യുന്ന വൃദ്ധനായ ഒരു ധനാഢ്യനെ ഒന്നു ഭാവനയിൽ കൊണ്ടുവരിക. ആ മനുഷ്യൻ ഒറ്റക്കാണെന്ന് നിങ്ങൾ ധരിക്കരുത്. ബുദ്ധിയുള്ള മനുഷ്യന് അങ്ങിനെയാകാൻ സാധ്യമല്ല. അയാളുടെ വൃദ്ധനായ, പങ്കാളിയായ പിശാചും കൂടിയതാണ് നാം കാണുന്ന മനുഷ്യൻ !. പണം എണ്ണുമ്പോഴും അടുക്കിവെക്കുമ്പോഴും പലിശ കണക്കുകൂട്ടുമ്പോഴുമെല്ലാം അവർ രണ്ടുപേരും കൂടിയാണ് കണക്കുകൂട്ടുന്നതും ആസ്വദിക്കുന്നതും രസിക്കുന്നതും ! തങ്ങളുടെ ജീവിത സമ്പാദ്യമായ ധനം തങ്ങൾക്കു ശേഷം ആർക്കും ലഭ്യമാകരുതെന്ന് വാശിയുണ്ടായിരുന്ന ചില മഹാപിശുക്കൻമാർ മുമ്പെല്ലാം 'നിധി'കൾ കുഴിച്ചിടാറുണ്ടായിരുന്നു. അവരുടെ പങ്കാളികളായ പിശാചുക്കൾ അവയ്ക്ക് കാവൽ ഭൂതങ്ങളായും ഇരുന്നിരിക്കാം !.

**ധനകാര്യത്തിൽ നേരെ വിരുദ്ധമായ ധൂർത്തിന്റെ നിലപാട് സ്വീകരിക്കാനും പിശാച് ചിലപ്പോൾ പ്രേരിപ്പിക്കുന്നു. മനുഷ്യന്റെ ദേഹേച്ഛയ്ക്കും സ്വഭാവത്തിനും യോജിച്ച നിലക്ക് എളുപ്പത്തിൽ എങ്ങോട്ടാണ് കൊണ്ടുപോകാൻ സാധിക്കുക എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കാം പിശാച് തന്റെ പ്രോഗ്രാം നിശ്ചയിക്കുന്നത്.** മദ്യത്തിലും ചൂതിലും നിശാക്ലബ്ബുകളിലും മറ്റും ധനം ദുർവ്യയം ചെയ്യാനുള്ള പ്രേരണ പിശാച് നൽകുന്നത്, അതിനു താൽപര്യവും തയ്യാറുമുള്ള തന്റെ സഹോദരൻമാർക്കു തന്നെയാണ്. "തീർച്ചയായും ധൂർത്തടിക്കുന്നവർ പിശാചുക്കളുടെ സഹോദരങ്ങൾ തന്നെയാണ്. പിശാച് അവന്റെ രക്ഷിതാവിനോട് നന്ദികെട്ടവനും" (ഇസ്രാഅ് 17:27).

പിശുക്കിലും ധൂർത്തിലും പിശാചിന്റെ പ്രേരണയും പങ്കാളിത്തവും ഉണ്ടെന്നുള്ളത് വിചിത്രമാണ് ! രണ്ടിലും

പരലോക നിഷേധവും അല്ലാഹുവിനോടുള്ള ധിക്കാരവും ഉൾക്കൊള്ളുന്നുണ്ട്. "വഞ്ചനയല്ലാതെ പിശാച് അവരോട് വാഗ്ദത്തം ചെയ്യുന്നില്ല" (ഇസ്രാഅ് 17:64) എന്ന് അല്ലാഹു പറഞ്ഞ് ഈ ലൗകിക ജീവിതത്തെക്കുറിച്ചു പിശാചുണ്ടാക്കുന്ന മിഥ്യാബോധത്തെപ്പറ്റിയാണ്. നശ്വരമായ ഈ ജീവിതത്തെ മഹത്തരവും സുന്ദരവുമാക്കി തോന്നിപ്പിച്ച് അതുതന്നെയാണ് എല്ലാം എന്ന പ്രതീതിയുണ്ടാക്കി മനുഷ്യനെ വ്യാമോഹിപ്പിച്ച് വഞ്ചനയിൽ വീഴ്ത്തുകയാണ് മഹാവഞ്ചകനായ പിശാച് ചെയ്യുന്നത്.

## സാഹിത്യ കലാസൃഷ്ടികൾ

ഖുർആൻ പരലോകത്തെപ്പറ്റിയും മറ്റും തരുന്ന മുന്നറിയിപ്പുകളെ അവഗണിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിന് പിശാച് പല മാർഗ്ഗങ്ങളും സ്വീകരിക്കുന്നു. **അതിൽ വളരെയേറെ പ്രധാനപ്പെട്ട ഒരു കാര്യം പരലോക വിശ്വാസത്തേയും, അല്ലാഹുവിലുള്ള വിശ്വാസത്തേയും നശിപ്പിക്കുവാൻ ഉതകുന്ന വിധത്തിലുള്ള സാഹിത്യ കലാസൃഷ്ടികളുടെ നിർമ്മാണമാണ്.** വളരെ വിപുലമായി ലോകാടിസ്ഥാനത്തിൽ നടക്കുന്ന ഒരു പ്രസ്ഥാനമാണിത്. മനുഷ്യരിലുള്ള ഒട്ടേറെ ബുദ്ധിജീവികളെ പരലോകത്തെപ്പറ്റി അന്ധരാക്കുവാൻ ഈ മാർഗ്ഗം പിശാചു ഉപയോഗിക്കുന്നു.

"അപ്രകാരം ഓരോ പ്രവാചകനും നാം ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള പിശാചുക്കളെ ശത്രുക്കളാക്കിയിട്ടുണ്ട്. അവരിൽ ചിലർ ചിലർക്കു വഞ്ചനാത്മകമായ അലങ്കാര സാഹിത്യങ്ങൾ സന്ദേശങ്ങളായി അറിയിച്ചുകൊണ്ടിരിക്കുന്നു ......" (അൻആം 6:112)

പ്രവാചകൻമാരുടെ ദൗത്യങ്ങളെ പരാജയപ്പെടുത്താൻ അവരുടെ ശത്രുക്കളായിരുന്ന കവികളും സാഹിത്യകാരൻമാരും, കവിതകളും സാഹിത്യ സൃഷ്ടികളും നിർമ്മിക്കുക പതിവായിരുന്നു. ഉദാഹരണമായി ലൂത്ത് നബി(അ)യുടെ കാലത്തെ ജനതയുടെ സാഹിത്യ സൃഷ്ടികളെപ്പറ്റി പണ്ഡിറ്റു നെഹ്റുവിന്റെ ലോക ചരിത്രത്തിൽ പറയുന്നതു പ്രസ്താവ്യമാണ്. അന്നത്തെ കവികളും സാഹിത്യകാരൻമാരും പുരുഷൻമാർ തമ്മിലുള്ള ലൈംഗിക ബന്ധത്തേയും പ്രേമത്തെയും വാഴ്ത്തിക്കൊണ്ടായിരുന്നുവത്രെ കവിതകളും മറ്റു സാഹിത്യ സൃഷ്ടികളും നിർമ്മിച്ചിരുന്നത് ! ലൂത്ത് നബി(അ) വളരെക്കാലം പ്രബോധനം ചെയ്തിട്ടും ഒരു വീട്ടുകാരെയല്ലാതെ സത്യമാർഗ്ഗത്തിലേക്കു കിട്ടിയില്ല. പ്രകൃതി വിരുദ്ധ ലൈംഗികബന്ധം ആ നാട്ടിലെ അംഗീകൃത സംസ്കാരമായി മാറിയിരുന്നു. അതിനെ മഹത്തരമായും സുന്ദരമായും ചിത്രീകരിക്കുന്ന കവിതകളും മറ്റു സാഹിത്യ സൃഷ്ടികളും നിർമ്മിച്ചിരുന്ന മനുഷ്യ കവികൾക്കും സാഹിത്യകാരൻമാർക്കും ജിന്നുകളിൽ നിന്നുള്ള പിശാചുക്കൾ 'സന്ദേശങ്ങൾ' നൽകി സഹായിച്ചിരിക്കണം.

മുഹമ്മദുനബി(സ)യുടെ കാലത്തുണ്ടായിരുന്ന ഖുറൈശി കവികൾ നബിക്കെതിരിൽ കവിതകളുണ്ടാക്കിയിരുന്നു. അവർക്കും അവരുടെ ജിന്നുകളിൽപെട്ട ഈ അദൃശ്യ സഹായികളുടെ 'സന്ദേശങ്ങൾ' ലഭിച്ചിരുന്നുവെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. ഖുർആൻ ലോകാവസാനം വരെ മനുഷ്യർക്കുള്ള ഗ്രന്ഥമാണ്. ഖുർആൻ മനുഷ്യർക്കു നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട മുന്നറിയിപ്പാണ് പരലോക ജീവിതത്തെപ്പറ്റിയും പുനരുത്ഥാനത്തെപ്പറ്റിയും ഉള്ളത്. **അവസാന നാളിൽ എല്ലാം നശിച്ചശേഷം എല്ലാവരേയും വീണ്ടും ഉയർത്തെഴുന്നേൽപിക്കുമെന്നും ഓരോരുത്തരുടേയും പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകപ്പെടുമെന്നും പിന്നീട് 'മരണ'മില്ലാത്ത ജീവിതമാണെന്നും ഖുർആൻ ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നൽകുന്നു.** ഈ പരമപ്രധാനമായ കാര്യത്തിൽ നിന്നും മനുഷ്യന്റെ ശ്രദ്ധയെ തിരിച്ചുവിടാനും, അതിനെ അവഗണിക്കാൻ പ്രേരിപ്പിക്കാനും ഉതകുന്ന തരത്തിലുള്ള സാഹിത്യകലാസൃഷ്ടികൾ നടത്തുവാൻ ഇന്നും മനുഷ്യ - ജിന്ന് പിശാചുക്കൾ തമ്മതമ്മിൽ സന്ദേശങ്ങൾ നൽകി പ്രവർത്തിക്കുന്നുണ്ട്.

സാഹിത്യത്തിലും കലയിലുമുള്ള ഇത്തരം പ്രവർത്തനങ്ങൾ എങ്ങിനെയാണ് രൂപപ്പെടുന്നതെന്ന് പരിശോധിച്ചു നോക്കാം. അതിനു മുമ്പു കവികളുടേയും സാഹിത്യകാരൻമാരുടേയും ഒരു പ്രത്യേക സ്വഭാവം മനസ്സിലാക്കേണ്ടതുണ്ട്. **പാശ്ചാത്യരും പൗരസ്ത്യരുമായ മഹാകവികളുടേയും സാഹിത്യകാരൻമാരുടേയും സ്വകാര്യ ജീവിതവും അവരുടെ സാഹിത്യസൃഷ്ടികളും പരിശോധിക്കുന്നവർക്ക് ഒരു കാര്യം വ്യക്തമാകും. അവരുടെ സാഹിത്യ സൃഷ്ടികളിൽ പ്രഖ്യാപിക്കുന്ന മഹത്തായ ആശയങ്ങളും അവരുടെ സ്വകാര്യ ജീവിതവുമായി യാതൊരു ബന്ധവുമുണ്ടായിരിക്കില്ല.** ഇംഗ്ലീഷ് മഹാകവിയായ ബൈറൻ പ്രഭുവിന്റെ കൃതികൾ വിളംബരം ചെയ്യുന്ന മഹത്തായ ആശയങ്ങളും, അദ്ദേഹത്തിന്റെ ലക്കില്ലാത്ത ലൈംഗിക അരാജകത്വപരമായ ജീവിതവും തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുകയില്ല. പൗരാണികരും ആധുനികരുമായ ഭാരതീയ കവികളുടേയും പാശ്ചാത്യകവികളുടേയും ഭൂരിപക്ഷത്തിന്റെ നില ഇതിൽ നിന്നും വ്യത്യസ്തമല്ല. ഭാരതീയ സ്ത്രീകളുടെ പാതിവ്രത്യത്തെപ്പറ്റി പ്രശംസിക്കുന്ന കവി നിരവധി സ്ത്രീകളുടെ പാതിവ്രത്യം നശിപ്പിച്ചവനായിരിക്കും. ഔദാര്യത്തേയും മനുഷ്യ സ്നേഹത്തേയും പുകഴ്ത്തുന്ന കവി മഹാ പിശുക്കനും കഠിന ഹൃദയനുമായിരിക്കും. ചെടികളേയും പുല്ലുകളേയും കൂടി കുടുംബമാണെന്ന് ഗണിക്കുവാൻ ആഹ്വാനം ചെയ്യുന്ന കവി തന്റെ സ്വസഹോദരനെപ്പോലും പരിഗണിച്ചില്ലെന്ന് വരും.

കവികളുടെ ഈ സ്വഭാവത്തെപ്പറ്റി ഖുർആൻ പറയുന്നത് ശ്രദ്ധേയമാണ്. "അവർ പ്രവർത്തിക്കാത്തത് പറഞ്ഞുകൊണ്ടിരിക്കുന്നു" (ശുഅറാ 26:226). ഇത് പ്രവാചകൻമാരുടേയും സത്യവിശ്വാസികളുടേയും സ്വഭാവത്തിനു നേരെ വിരുദ്ധമാണ്. "ഹേ, വിശ്വാസികളേ, നിങ്ങൾ പ്രവർത്തിക്കാത്തത് പറയുക എന്നത് അല്ലാഹുവിങ്കൽ ഏറ്റവും കോപമുള്ള കാര്യമാണ്".

പ്രവാചകൻമാർ തങ്ങൾ ഉപദേശിക്കുന്നതു മുഴുവൻ സ്വയം നടപ്പിലാക്കുന്നു. **മനുഷ്യന് പ്രായോഗികമാക്കാൻ കഴിയുന്ന ഉപദേശങ്ങൾ മാത്രമേ പ്രവാചകൻമാരിൽ നിന്നുണ്ടാകുകയുള്ളൂ. എന്നാൽ കവികൾക്കു പ്രായോഗികത പ്രശ്നമേയല്ല.** അതുകൊണ്ട് വളരെ സുന്ദരവും ആകർഷണീയവുമായ ആശയങ്ങൾ ഭംഗിയായ ശൈലിയിൽ നിർമ്മിച്ചു വിടാം. ഇതുതന്നെയാണ് കഥാകൃത്തുകളുടേയും മറ്റു സാഹിത്യകാരൻമാരുടേയും നില. മനുഷ്യരെ മാത്രമല്ല, പക്ഷി - മൃഗ - സസ്യലതാദികളേയും ഒന്നടങ്കം സ്നേഹിക്കാൻ കവിക്ക് സുന്ദരമായ ശൈലിയിൽ എളുപ്പത്തിൽ ആഹ്വാനം ചെയ്യാം. അത്ര ആകർഷകമായ തത്വം ചിലപ്പോൾ പ്രവാചകൻമാർ പോലും പ്രബോധനം ചെയ്തിട്ടുണ്ടാവില്ല. **കവിയുടെ ഭാവന നിയന്ത്രണമില്ലാതെ സ്വച്ഛന്ദം ഉയർന്നുയർന്നുപോകുന്നു. സൗന്ദര്യത്തിനും അലങ്കാരത്തിനും വേണ്ടി പലപ്പോഴും സത്യത്തെ ബലിയർപ്പിക്കുന്നു. സദാചാരം അവിടെ ഒരു പ്രശ്നമല്ല.** സൗന്ദര്യവും സദാചാരവും ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കപ്പെടേണ്ടിവന്നാൽ താൻ സൗന്ദര്യത്തെ സ്വീകരിച്ച് സദാചാരത്തെ വർജ്ജിക്കുമെന്ന അർത്ഥത്തിൽ ഒരു 'മഹാ'കവി പാടിയതായി ഓർക്കുന്നു.

ഖുർആൻ മുഹമ്മദ് നബി(സ)യെ ഉദ്ദേശിച്ചു പറയുകയാണ്. "നാം അദ്ദേഹത്തെ കവിത പഠിപ്പിച്ചിട്ടില്ല. കവിത അദ്ദേഹത്തിനു യോജിച്ചതുമല്ല". (യാസീൻ 36:69)

എന്തുകൊണ്ടാണ് കവിത പ്രവാചകന് യോജിച്ചതല്ലാത്തതാകുന്നത്. ദൈവ സന്ദേശങ്ങൾ വള്ളിപുള്ളിക്കു വിത്യാസമില്ലാതെ, ഏറ്റക്കുറച്ചിലില്ലാതെ മനുഷ്യർക്കു എത്തിച്ചുകൊടുക്കേണ്ട പ്രവാചകൻമാർ കവിതാനിർമ്മാണ സ്വഭാവമുള്ളവരാകാൻ പറ്റില്ല. ഭാവനകളുടെ ചിറകുകൾ വിരിച്ച് സൗന്ദര്യാനുഭൂതിയും തേടി പാറിപ്പറക്കുന്ന കവിക്ക് ഒരിക്കലും ദൈവസന്ദേശം ലഭിക്കുക സാധ്യമല്ല. "അവർക്ക് അവരുടെ സന്ദേശങ്ങളാണ് ലഭിക്കുക" എന്ന് ഖുർആൻ പറയുന്നുണ്ട്. ഭാവനാത്മകമായി സാഹിത്യനിർമ്മാണം നടത്തുന്ന കവികളും കഥാകൃത്തുകളും ഒരു വിധത്തിൽ പറഞ്ഞാൽ 'കളവു' നിർമ്മിക്കുന്നവർക്ക് കൂടുതൽ മഹത്വം കൽപിക്കപ്പെടുന്നു. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത കവിയോ സാഹിത്യകാരനോ ആയാൽ പിന്നെ, അയാളുടെ ഭാവനകൾക്ക് ഒരു നിയന്ത്രണവുമില്ലാതായിത്തീരുന്നു.

"ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുക എന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ ? കളവുകെട്ടിച്ചമക്കുന്നവരും പാപികളുമായ എല്ലാവരുടേയും മേൽ അവർ ഇറങ്ങും. അവർ ശ്രദ്ധിച്ചു കേൾക്കും. അവരിൽ അധികവും കളവു പറയുന്നവരാണ്. കവികളാകട്ടെ അവരെ പിൻപറ്റുന്നത് ദുർമാർഗ്ഗികളാണ്. അവർ എല്ലാതാഴ്വരകളിലും അലഞ്ഞു നടക്കുന്നത് നീ കണ്ടില്ലേ ! അവർ പ്രവർത്തിക്കാത്തത് പറഞ്ഞു കൊണ്ടിരിക്കുന്നതും. വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും തങ്ങൾ അക്രമിക്കപ്പെട്ടതിനു ശേഷം പകരം വീട്ടുകയും ചെയ്തവരൊഴികെ. (ശുഅറാ 26:221-227)

അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്ത ഭാവനയുടെ അടിസ്ഥാനത്തിൽ സാഹിത്യ കലാസൃഷ്ടികൾ നടത്തുന്ന കവികൾക്കും സാഹിത്യകാരൻമാർക്കും പൈശാചിക ബോധനങ്ങളും സന്ദേശങ്ങളും ലഭിക്കും. ഇതുപല നിലവാരത്തിലുണ്ട്. ഒരു കാവ്യ സൃഷ്ടിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്ക് അങ്ങിനെ ഉയർന്നുയർന്നു പെട്ടെന്ന് എവിടെ നിന്നോ ഒരാശയം അല്ലെങ്കിൽ ഒരുവാക്ക് മനസ്സിലുദിക്കുന്നു. എവിടെ നിന്നോ വീണു കിട്ടിയതുപോലെ. തന്റെ സ്വന്തം ചിന്തയുടേയോ ഭാവനയുടേയോ തുടർച്ചയായിട്ടല്ല, മനസ്സിലേക്കു ആരോ എറിഞ്ഞു തന്നതു പോലെ എവിടെ നിന്നെന്നില്ലാത്ത ഒരാശയം, അല്ലെങ്കിൽ ഒരു ഈരടി കവിത; പെട്ടെന്ന് ഉദിക്കുന്നു. സാധാരണക്കാരായ സാഹിത്യകാരൻമാർക്കു തന്നെ ഇത്തരം അനുഭവങ്ങൾ അപൂർവ്വമല്ല. രാത്രിയിൽ ഉറക്കമൊഴിച്ചിരുന്നു അങ്ങിനെ എഴുതിവരുമ്പോൾ ആശയങ്ങൾ നിലച്ച് ഉറക്കത്തിന്റെ ശല്യം ബാധിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയ ഘട്ടത്തിൽ പെട്ടെന്നതാ ഒരു പുതിയ ആശയം ! ആകെക്കൂടി കഥയുടേയോ നാടകത്തിന്റേയോ ഗതിതന്നെ മാറുന്നതരത്തിൽ മനസ്സിലുദിക്കുന്നു. ഇത് സ്വന്തം മനസ്സിന്റെ പ്രവർത്തനഫലമായി ഉണ്ടായതാവാൻ തരമില്ല. മനസ്സ് ക്ഷീണിച്ച് ആശയങ്ങളുടെ ഗതിനിലച്ച് ഉറക്കം ബാധിക്കുന്ന സ്ഥിതിയിലെത്തിയതായിരുന്നു. ഒരു കവിത മുഴുവനും തന്നെ ചിലപ്പോൾ ഇങ്ങിനെ കവിയുടെ അബോധാവസ്ഥയിലോ അർദ്ധബോധാവസ്ഥയിലോ ജൻമമെടുക്കാറുണ്ട്. 'മിസ്റ്റിക് കവികൾ' ഈ വിഭാഗത്തിൽ പെട്ടവരാണ്. ഒരു മഹാകവി തന്റെ മിസ്റ്റിക് കവിതകളെപ്പറ്റി പറഞ്ഞത് "അതെന്റേതല്ല, അന്തരീക്ഷത്തിൽ നിന്ന് എന്തോ ഒന്ന് എന്നിൽക്കൂടി പ്രകടമായതാണ്" എന്നത്രെ !

മനുഷ്യ മനസ്സിന്റെ ദൈവീകമായ ഉന്നതിയിലുണ്ടാകുന്ന അനുഭൂതിയിൽ നിന്നുണ്ടാകുന്നതാണ് മഹത്തായ കാവ്യങ്ങളും സാഹിത്യ സൃഷ്ടികളും എന്നെല്ലാം പറയാറുണ്ട്. **പക്ഷെ പൈശാചികത്വത്തെ ദൈവീകത്വമായി ഗണിക്കുന്ന തെറ്റ് ഈ കാര്യത്തിൽ മാത്രമല്ല, ആരാധനയുടെ കാര്യത്തിലും സർവ്വ സാധാരണമാണല്ലോ! പല മഹാകാവ്യങ്ങളും സാഹിത്യ സൃഷ്ടികളും ലഹരി പദാർത്ഥങ്ങളുടെ സ്വാധീനത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.** ആധുനിക സാഹിത്യത്തിൽ പേരുകേട്ട പല നോവലുകളും കവിതകളും എൽ.എസ്.ഡി. മുതലായ ലഹരിവസ്തുക്കളുടെ സംഭാവനകളാണെന്ന് പറയപ്പെടുന്നു. **കറുപ്പും, കഞ്ചാവും, മദ്യവും മറ്റു ലഹരി പദാർത്ഥങ്ങളും സാഹിത്യ സൃഷ്ടികളുടെ വളർച്ചക്ക് വമ്പിച്ച സംഭാവനകൾ ചെയ്തിട്ടുണ്ട്. ഏതായാലും ഇവയുടെ സ്വാധീനവലയത്തിൽപെട്ട മനുഷ്യ മനസ്സിനെ ദൈവീകത്വമോ, പൈശാചികത്വമോ ഏതാണ് ബാധിക്കുകയെന്ന് ആർക്കും എളുപ്പത്തിൽ മനസ്സിലാക്കാം.**

**ഇനി വളരെ വ്യക്തമായി ഒരു അശരീരിയുടെ മന്ത്രം ശ്രദ്ധിച്ച് എഴുതുന്ന മഹാകവികളും സാഹിത്യകാരൻമാരുമുണ്ട്.** ചിലർക്ക് കേട്ടെഴുത്ത് കൊടുക്കുന്നതുപോലെ ഉച്ചത്തിൽ പറഞ്ഞുകൊടുത്ത് എഴുതിപ്പിക്കുന്ന അദൃശ്യ

മായ മിത്രങ്ങളുണ്ടായിരിക്കും. ഇംഗ്ലഷ് സാഹിത്യകാരനായ സ്റ്റീഫൺസൺ, തനിക്കു മന്ത്രിച്ചു കൊടുത്തിരുന്ന അദൃശ്യ സ്നേഹിതന് 'ബൗണി' എന്ന് നാമകരണം ചെയ്തു. എന്റെ 'ബൗണി' പറഞ്ഞുതന്നാലേ എഴുതുകയുള്ളൂ എന്നായിരുന്നുവത്രെ അദ്ദേഹത്തിന്റെ നില. ചാറൽസ് ലാമ്പിനും ഇതുപോലെ മറ്റുപല പ്രസിദ്ധരായ പാശ്ചാത്യ സാഹിത്യകാരൻമാർക്കും ഇങ്ങിനെ സഹായിക്കുന്ന അശരീരികൾ ഉണ്ടായിരുന്നുവത്രെ! അറബി സാഹിത്യ ചരിത്രത്തിൽ പല അറബി മഹാകവികൾക്കും ഇങ്ങിനെ ജിന്നുകളിൽ നിന്നും ഈ സഹായികൾ ഉണ്ടായിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. ഇങ്ങിനെ പല നിലവാരത്തിലും മനുഷ്യനും ജിന്നുകളും തമ്മിൽ സന്ദേശങ്ങൾ അറിയിച്ചുകൊണ്ട് സാഹിത്യ നിർമ്മാണം നടത്തുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. **അതുകൊണ്ടുതന്നെയാണ് ഖുർആൻ ഇങ്ങിനെ ആഹ്വാനം ചെയ്യുന്നത്. "പറയുക സത്യമായും ഈ ഖുർആന് തുല്യമായ ഒന്നുകൊണ്ടുവരാനായി മനുഷ്യരും ജിന്നുകളും ഒരുമിക്കുകയാണെങ്കിലും ഇതിന് തുല്യമായതുകൊണ്ടുവരികയില്ല, അവൻ അന്യോന്യം സഹായികളായിരുന്നാൽ പോലും". (ഇസ്റാഅ് 17:88)**

ഖർആന് തുല്യമായതോ അതിനോടടുക്കുന്നതോ ആയ ഒരു ഗ്രന്ഥമോ, അതിലെ സൂക്തങ്ങൾക്കു തുല്യമായ ഒരു സൂക്തമോ, അവരുടെ യോജിച്ചും കൊണ്ടുള്ള പ്രയത്നംമൂലം നിർമ്മിക്കാൻ സാധ്യമല്ല തന്നെ. പക്ഷെ പരലോക വിശ്വാസം കുറഞ്ഞ മനുഷ്യർക്ക് മഹത്തരവും സുന്ദരവുമായി തോന്നുന്ന സാഹിത്യ സൃഷ്ടികൾ നിർമ്മിക്കാനും ബഹുഭൂരിപക്ഷം മനുഷ്യരേയും, ഖുർആൻ തരുന്ന മുന്നറിയിപ്പുകളിൽ നിന്നും കാണിച്ചു തരുന്ന സൻമാർഗ്ഗത്തിൽ നിന്നും തെറ്റിക്കുവാനും ജിന്നു പിശാചുക്കളുടെ കൂട്ടായ പ്രവർത്തനത്തിനു സാധിക്കുന്നു. ഇന്ന് ലോകാടിസ്ഥാനത്തിലുള്ള ഒരു പ്രസ്ഥാനമായി തന്നെ ഇതുമാറിയിരിക്കുന്നു.

ഗവർമെന്റുകളും, യൂണിവേഴ്സിറ്റികളും അക്കാദമികളും ഇതിനെ വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ധനവും സമയവും നിർലോഭം ചെലവഴിക്കുന്നു. മനുഷ്യ സംസ്ക്കാരത്തിന്റെ അവിഭാജ്യ ഘടകമാണ് സാഹിത്യ കലാ പ്രസ്ഥാനം ! സാഹിത്യകാരൻമാരും കലാകാരൻമാരും എഴുത്തുകാരും ഇവരുടെ അംഗീകാരത്തിനു വേണ്ടി തലകുനിച്ച് ഓച്ഛാനിച്ചു നിൽക്കുന്നു. **മനുഷ്യനെ അവന്റെ യഥാർത്ഥ ജീവിത ലക്ഷ്യമായ പരലോക മോക്ഷത്തിന്റെ കാര്യം തീരെ വിസ്മരിപ്പിക്കാനും ഇഹലോക ജീവിതത്തിന്റെ ലഹരിയിൽ മുഴുകിപ്പിക്കാനും മഹാവഞ്ചകനായ പിശാച് ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന ഒരു ആയുധമാണ് സാഹിത്യ കലാരംഗം എന്ന വസ്തുത അധികമാരും ആലോചിക്കുന്നില്ല**. ലോകത്തിലെ എല്ലാ ഭാഷകളിലും എല്ലാ രാജ്യങ്ങളിലും മണിക്കൂറുകൾതോറും ലക്ഷണക്കണക്കിന് കഥകളും, നോവലുകളും, നാടകങ്ങളും, കവിതകളും അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെടുന്നു. ആധുനിക സാഹിത്യം പല വികൃതരൂപങ്ങളും വേഷങ്ങളും അണിയുന്നു. കൊലപാതകങ്ങളും, കൊള്ളയും, കവർച്ചയും, ആത്മഹത്യയും, വ്യഭിചാരവും, കളവും, ലൈംഗിക അരാജകത്വവും, അശ്ലീലങ്ങളുമെല്ലാം ലക്ഷക്കണക്കിന് പുസ്തകങ്ങളിൽക്കൂടിയും മറ്റു പ്രസിദ്ധീകരണങ്ങളിൽ കൂടിയും പ്രചരിപ്പിച്ചുകൊണ്ട് ഈ പൈശാചിക പ്രസ്ഥാനം ഭീകരവാഴ്ച നടത്തുകയാണ്. **എന്നാലും അതിന്റെ മാന്യത ചോദ്യം ചെയ്യപ്പെടാൻ പാടില്ല. അതെത്ര അശ്ലീലമായാലും വികൃതമായാലും പൈശാചികമായാലും അതിനൊരു വിലക്കും പാടില്ല. കാരണം, മഹത്തായ കലാസൃഷ്ടിയല്ലേ ! മനുഷ്യസംസ്കാരമല്ലേ !**

## സിനിമയും അഭിനയ കലകളും

**ആധുനിക സാഹിത്യവും കലയും ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത വണ്ണം രാക്ഷസീയമായി വളർന്ന് എല്ലാറ്റിനേയും ചോദ്യം ചെയ്യാനും ഇത:പര്യന്തമുള്ള എല്ലാ ധാർമ്മിക സദാചാര മൂല്യങ്ങളേയും വെല്ലുവിളിക്കാനും തുടങ്ങിയിരിക്കയാണ്. സാഹിത്യ സൃഷ്ടികളേക്കാൾ എത്രയോ മടങ്ങ് സ്വാധീനം ദൃശ്യകലകൾ (സിനിമ, നാടകം, ടെലിവിഷൻ) ജനങ്ങളുടെ മേൽ ചെലുത്തുന്നുണ്ട്.** സിനിമയുടേയും സിനിമാസാഹിത്യത്തിന്റേയും വളർച്ച ചില രാജ്യങ്ങളിലെ ജനജീവിതത്തെ ആകെ അടിമപ്പെടുത്തിയതായി കാണാം. ഉദാഹരണമായി നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ സ്ഥിതി ഒന്നു പരിശോധിച്ചു നോക്കുക. വളരെ വിചിത്രമായ ഒരു സ്ഥിതിവിശേഷമാണവിടെയുള്ളത്. അവിടത്തെ ജനജീവിതത്തെയാകെ സിനിമ വിഴുങ്ങിയിരിക്കുകയാണ്. രാഷ്ട്രീയവും, ഭരണവും, കുടുംബപരവും എല്ലാം സിനിമാമയം തന്നെ. സിനിമാനടൻമാർ രാജ്യം ഭരിക്കുന്നു. ജനഹൃദയങ്ങളേയും ഭരിക്കുന്നു. ആരാധിക്കപ്പെടുന്ന ദൈവങ്ങളും അവർ തന്നെ ! വേറെയൊന്നും ചിന്തിക്കാൻ സാധിക്കാത്ത വണ്ണം ജനങ്ങളുടെ മസ്തിഷ്കങ്ങൾ മരവിച്ചിരിക്കയാണ്. ജീവിതത്തിന്റെ ഉള്ളടക്കവും ലക്ഷ്യവുമെല്ലാം സിനിമയും സിനിമാസാഹിത്യവും മാത്രമായി തീർന്നിരിക്കുന്നു. സിനിമയുടെ അർബ്ബുദ തുല്യമായ വളർച്ച മറ്റെല്ലാറ്റിനേയും വിഴുങ്ങി രാക്ഷസീയമായ രൂപം കൈക്കൊണ്ടിരിക്കുകയാണിവിടെ. മനുഷ്യനെ അവന്റെ യഥാർത്ഥ ജീവിത ലക്ഷ്യത്തിൽ നിന്ന് വഴിതെറ്റിക്കാൻ പിശാചു ഒരുക്കുന്ന വഞ്ചനാപരമായ തന്ത്രങ്ങൾ വളരെ ശക്തമായി വളർന്ന് മനുഷ്യജീവിതത്തിന്റേയും സംസ്കാരത്തിന്റേയും ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകങ്ങളായി മാറിയിരിക്കയാണ് !

**അഭിനയകലയുടെ ഉത്ഭവം തന്നെ ഒരു വിധത്തിൽ പൈശാചിക ആരാധനയിൽ നിന്നാണെന്ന് പറയാം.** യവന നാടകങ്ങളുടെ ആരംഭം ക്ഷേത്രങ്ങളിൽ നിന്നായിരുന്നു. അവർ ആരാധിച്ചിരുന്ന ദേവതകളേയും ദേവൻമാരേയും തൃപ്തിപ്പെടുത്താനായിരുന്നു യവനർ വേഷം കെട്ടി അഭിനയിക്കാൻ തുടങ്ങിയത്. **ഇന്ത്യൻ കഥകളിയും മറ്റു പൗരാണിക അഭിനയ കലകളും ക്ഷേത്രങ്ങളിൽ നിന്നും ആരാധനാകേന്ദ്രങ്ങളിൽ നിന്നും തന്നെയാണ് ഉത്ഭവിച്ചിട്ടുള്ളത്**. പിശാച് പറയുന്നതായി ഖുർആൻ അറിയിക്കുന്നത് ശ്രദ്ധിക്കാം. **"ഞാൻ കൽപിക്കും അപ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തും...." (നിസാഅ് 4:119) അഭിനയകലയുടെ ഉത്ഭവത്തിലേക്ക് സൂചന നൽകുന്നതല്ലേ ഈ വചനം !**

## അഭിനയത്തിലെ ശൈത്വാൻ

എന്താണു യഥാർത്ഥത്തിൽ അഭിനയം ? അതിത്ര മാന്യമായ ഒരു കാര്യമാണോ ? എന്താണ് അഭിനയിക്കുമ്പോൾ കലാകാരന് സംഭവിക്കുന്നത് ? സാധാരണ നിലയിലുള്ള വെറും 'അനുകരണ' തുല്യമായ അഭിനയമല്ലല്ലോ ഇവിടെ ഉദ്ദേശം. അത്തരം അഭിനയമാണ് മിമിക്രി എന്ന് പറയുന്നത്. നമ്മുടെ സ്കൂളുകളിലും മറ്റും കുട്ടികൾ ചിലപ്പോൾ നടത്തുന്നത് ഈ ഇനത്തിലുള്ളതാണ്. **ശരിയായ അഭിനയത്തിൽ ഏർപ്പെടുന്ന കലാകാരൻ സ്വന്തം വ്യക്തിത്വം ഷർട്ട് അഴിച്ചുമാറ്റുന്നതുപോലെ അഴിച്ചുവെച്ച് വേറെ ഒരു വ്യക്തിത്വം തൽക്കാലത്തേക്ക് സ്വീകരിക്കുന്നു. ഇങ്ങിനെ നിത്യേന ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യന്, കാലാന്തരത്തിൽ സ്വന്തമായി ഒരു വ്യക്തിത്വം തന്നെ ഇല്ലാതായേക്കും.** ഒരു നല്ല നടൻ കഥാപാത്രമായി സ്റ്റേജിൽ ജീവിക്കുന്നു. തന്റെ വ്യക്തിത്വം തൽക്കാലത്തേക്കെങ്കിലും പൂജ്യമായിത്തീരുന്നു. തന്റെ മസ്തിഷ്ക്കത്തേയും ദേഹത്തേയുമെല്ലാം കഥാപാത്രത്തിന്റെ വ്യക്തിത്വം സ്വന്തമാക്കിയിരിക്കുകയാണ്. ഒരു വിധത്തിൽ പറഞ്ഞാൽ ഒരുബാധ പിടികൂടിയതുപോലെയാണ് അയാളുടെ നില. ചില നടൻമാർക്ക് സ്റ്റേജിൽ നിന്ന വിട്ടതിനുശേഷവും ഈ 'ബാധ' വിടാതെ നിൽക്കുന്ന അനുഭവം ഉണ്ടാകാറുണ്ട്. **'കോമരം' ഇളകി പറയുന്നതും കഥാപാത്രമായി സ്റ്റേജിൽ അഭിനയിച്ചു ജീവിക്കുന്നതും തമ്മിൽ വളരെ സാമ്യമുണ്ട്.** രണ്ടിലും പിശാചിനുള്ള പങ്ക് ഒരുപോലെയായിരിക്കാം ! **സ്വന്തം വ്യക്തിത്വത്തെ തൽക്കാലത്തേക്കെങ്കിലും മറപ്പിക്കാനും പുതിയ വ്യക്തിത്വം സ്വായത്തമാക്കാനും കലാകാരനെ സഹായിക്കുന്നത് അവന്റെ 'കൂട്ടാളിയായ പിശാച്' ആണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല.** സ്വന്തം വ്യക്തിത്വത്തെ തീരെ ഇല്ലാതാക്കി വെറും ഒരു മീഡിയം (കോമരം) ആയി മാറി കഥാപാത്രത്തിന്റെ ഭാവങ്ങൾക്കും വികാരങ്ങൾക്കും പൂർണ്ണമായ പ്രതിഫലനം കൊടുക്കുവാൻ കഴിഞ്ഞാൽ ഒരു ഉത്തമ നടനായി എന്നുപറയാം.

**സാഹിത്യത്തിലും കലയിലും മഹാവഞ്ചകനായ പിശാച് ചെലുത്തുന്ന സ്വാധീനം ഇത്രത്തോളം വിപുലമാണെന്നുവരുന്നത് അധികമാളുകൾക്കും ഇഷ്ടപ്പെടുകയില്ല. അവർ വളരെ മഹത്തരമാണെന്ന് കരുതുന്നത് യഥാർത്ഥത്തിൽ പൈശാചികമാണെന്ന് വന്നാൽ അത്ര സുഖകരമായിരിക്കുകയില്ലല്ലോ.** ഏതായാലും മഹത്തായ 'കല' അതിന്റെ യഥാർത്ഥ രൂപം കാണിക്കാൻ തുടങ്ങിയിട്ടുണ്ട്. നഗ്നതയും ലൈംഗിക ചേഷ്ടകളും സംയോഗം പോലും സ്റ്റേജിൽ അവതരിപ്പിക്കുന്ന നാടകങ്ങളും സിനിമകളും മറ്റും പശ്ചാത്യ നാടുകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയല്ലോ. **സാമൂഹിക പുരോഗതിയുടേയും സാംസ്കാരിക നവോത്ഥാനത്തിന്റേയും മറ്റും മൂടുപടം വലിച്ചുകീറി 'സാഹിത്യവും കലയും' അതിന്റെ യഥാർത്ഥ പൈശാചിക രൂപം നമ്മുടെ നാട്ടിലും പ്രദർശിപ്പിച്ചു തുടങ്ങുന്നുണ്ട്.** എന്നാലും പരലോക വിശ്വാസമില്ലാത്ത മനുഷ്യരുടെ മനസ്സിൽ ഏതു പൈശാചിക കലയും മഹത്തായും സുന്ദരമായും പിശാച് തോന്നിപ്പിക്കും. ഏത് അശ്ലീല സാഹിത്യവും, വികൃതമായ കലയും ഉന്നതമായ സ്ഥാനങ്ങൾ കരസ്ഥമാക്കും. ബഹുജനം താൽക്കാലികമായ ആസ്വാദനത്തിനും തമാശയ്ക്കും വേണ്ടി അവയുടെ പിന്നാലെ ഓടിക്കൂടും. **മനുഷ്യരിൽ ഒരു വലിയ വിഭാഗത്തെ പുനരുത്ഥാനത്തെപ്പറ്റിയും പരലോക ജീവിതത്തെപ്പറ്റിയും ബോധമില്ലാത്തവരാക്കി മാറ്റുവാൻ സാഹിത്യ കലാരംഗത്തെ പിശാചുക്കളുടെ ശബ്ദങ്ങൾക്കും കുതിരപ്പടക്കും കാലാൾപടക്കും സാധിക്കുന്നു. ഖുർആൻ തരുന്ന മുന്നറിയിപ്പ് ഓർമ്മിക്കൽ മാത്രമാണ് രക്ഷക്കുള്ള ഏക മാർഗ്ഗം.**

"ഹേ മനുഷ്യരെ, തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ലോക ജീവിതം നിങ്ങളെ വഞ്ചിതരാക്കാതിരിക്കട്ടെ. മഹാവഞ്ചകൻ, നിങ്ങളെ അല്ലാഹുവിനെക്കുറിച്ച് വഞ്ചിക്കാതിരിക്കട്ടെ". (ഫാത്വിർ 55:5)

## ചീത്ത കൂട്ടുകാരൻ

ജിന്നിനെക്കുറിച്ചും മനുഷ്യനെ വഴിപിഴപ്പിക്കുന്ന ജിന്നു പിശാചുക്കളെക്കുറിച്ചും അവർ മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും കുറച്ചൊക്കെ വിശദീകരിച്ചു. ഇത്രയേറെ പ്രാധാന്യം ഈ വിഷയത്തിന് നൽകേണ്ടതുണ്ടോ എന്ന് സംശയിക്കുന്നവരുണ്ടാകാം. **ആധുനികവും സമകാലികവുമായ ഒട്ടേറെ പ്രശ്നങ്ങൾ നമ്മെ തുറിച്ചു നോക്കുമ്പോൾ ശൈത്വാന്റെ കാര്യം പറയാൻ ഇത്രയേറെ സമയവും സ്ഥലവും ഉപയോഗിച്ചത് നന്നായില്ലെന്ന് വിചാരിക്കുന്നവരും ഉണ്ടായ്ക്കൂടായ്കയില്ല.**

എന്നാൽ ഖുർആൻ ഈ വിഷയത്തിന് നൽകിയ പ്രാധാന്യം നോക്കുമ്പോൾ നാം ഇനിയും വളരെയധികം ഇതു സംബന്ധമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങിനെ പഠിക്കുമ്പോൾ നമ്മെ തുറിച്ചു നോക്കുന്ന മുഴുവൻ ആധുനിക പ്രശ്നങ്ങളും ഇതുമായി ബന്ധപ്പെട്ടുകിടക്കുന്നതാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. **ശാസ്ത്രത്തിന്റേയും മന:ശാസ്ത്രത്തിന്റേയും മറ്റും വളർച്ചയും യാഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസത്തിനുമെതിരിൽ അഭ്യസ്തവിദ്യരുടേയും ബുദ്ധി ജീവികളുടേയും ഇടയിൽ വളർന്നു വന്നിട്ടുള്ള മനോഭാവവും, 'ജിന്ന് ശൈത്വാൻ' മുതലായ വിഷയങ്ങളെ തീരെ നിഷേധിക്കുന്നതിലേക്കും അവഗണിക്കുന്നതിലേക്കും ചില ഉൽപതിഷ്ണു പണ്ഡിതൻമാരേയും ചിന്തകൻമാരേയും എത്തിച്ചു. പലരും തീരെ നിഷേധിക്കുന്നവരല്ലെങ്കിലും ഈ വിഷയത്തെക്കുറിച്ച് പറയുന്നതും എഴുതുന്നതുമെല്ലാം കുറച്ച് പഴഞ്ചനാണെന്ന് ധരിച്ചമട്ടാണ്. നേർമാർഗ്ഗം ലഭിക്കാനും, മുസ്ലിമായി ജീവിക്കാനും, പരിപൂർണ്ണ ഇസ്ലാമിക വ്യവസ്ഥയും ഹുക്കൂമത്തെ ഇലാഹിയും എല്ലാം സ്ഥാപിക്കുവാനും ആധുനിക ശാസ്ത്രീയ ചിന്താഗതിക്കു യോജിക്കാത്ത 'ജിന്ന് ശൈത്വാൻ' പോലുള്ള വിഷയങ്ങളെ അവഗണിക്കുന്നതുകൊണ്ട് ഒരു തകരാറുമില്ല. മാത്രമല്ല ചിലപ്പോൾ അവഗണിക്കുന്നതു കൊണ്ട് ഗുണമേയുള്ളൂ എന്നതാണ് ചിലരുടെ നില. അഭ്യസ്തവിദ്യരേയും ബുദ്ധി ജീവികളേയും വിറളിപിടിപ്പിക്കാതെ, ആകർഷിക്കുവാൻ ആ നിലപാടായിരിക്കും സഹായകരം എന്നാണ് ധാരണ.**

പക്ഷെ അല്ലാഹു മനുഷ്യന് നേർമാർഗ്ഗം കാണിച്ചുതരുവാൻ ഇറക്കി തന്ന മഹത്തായ ആ ഗ്രന്ഥം - ഖുർആൻ ഇബ്ലീസിനെക്കുറിച്ചും ശൈത്വാനെപ്പറ്റിയും മനുഷ്യന്റെ നിത്യകൂട്ടാളിയായ പിശാചിനെപ്പറ്റിയും എല്ലാം ആവർത്തിച്ചു മുന്നറിയിപ്പ് നൽകുന്നത് വെറുതെയാണെന്ന് ധരിക്കാൻ സാധ്യമല്ലല്ലോ. **ഖുർആൻ നൽകുന്ന വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ ആധുനിക ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളേയും പരിശോധിച്ച്, പൈശാചിക പ്രവർത്തനങ്ങളുടേയും പ്രേരണകളുടേയും ഒരു ഏകദേശ രൂപമെങ്കിലും മനസ്സിലാക്കേണ്ടത് നാം വഴിപിഴച്ച് പോകാതിരിക്കുവാൻ ഇന്ന് വളരെ അത്യാവശ്യമായിരിക്കുകയാണ്. ആ നിലക്കാണ് കലാസാഹിത്യരംഗത്തെ പൈശാചിക പ്രവർത്തനങ്ങളുടെ പരിമിതമായ ഒരു വിവരണം നൽകാൻ ശ്രമിച്ചത്. കൂടുതൽ പഠനവും ചിന്തയും ഗവേഷണവുമെല്ലാം ഈ മണ്ഡലത്തിൽ ആവശ്യമാണ്. പിഴവുകൾ വന്നുപോയാലും ഖുർആൻ തരുന്ന വെളിച്ചം ഉൾക്കൊള്ളാൻ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടു, ആധുനിക മനുഷ്യരെ വഴിപിഴപ്പിച്ചു കൊണ്ടിരിക്കുന്ന ആധുനിക പിശാചുക്കളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ ഒരു ശ്രമം നടത്തുകയാണ്. ഈ ശ്രമം ഒരു സൽകർമ്മമായി അല്ലാഹു സ്വീകരിക്കുമാറാകട്ടെ ! തെറ്റുകൾ അവൻ പൊറുത്തു തരട്ടെ. പൈശാചിക പ്രേരണകൾ ബാധിക്കാതെ വിഷയം കൈകാര്യം ചെയ്യാൻ അല്ലാഹു സഹായിക്കട്ടെ.**

മനുഷ്യന്റെ മനസ്സിൽ ദുഷ്പ്രേരണകൾ ചെലുത്തുകയും അവിശ്വാസവും തെറ്റായ വിചാരങ്ങളും ഉണ്ടാക്കുകയും ചെയ്യുന്ന പിശാചിന് മനുഷ്യന് പിടികൊടുക്കാതെ മറഞ്ഞിരിക്കാനുള്ള കെൽപ്പുണ്ട്. “അവനും അവന്റെ ഗോത്രക്കാരും നിങ്ങളെ കാണുന്നു. നിങ്ങൾ അവരെ കാണാത്ത നിലയിൽ” (അഅ്റാഫ് 7:27) എന്ന് ഖുർആൻ മുന്നറിയിപ്പു നൽകുന്നു. **മനുഷ്യന്റെ ശാസ്ത്രീയ പരീക്ഷണങ്ങളേയും മന:ശാസ്ത്രപരമായ ഗവേഷണങ്ങളേയുമെല്ലാം മറികടക്കാൻ ഇബ്ലീസിന്റെ ഗോത്രക്കാർക്ക് സാധിക്കുന്നു.** അതിനു മന:ശാസ്ത്രക്കാർ പറയും, എല്ലാം മനസ്സിന്റെ പ്രവർത്തനങ്ങളാണ് എന്ന്. മനുഷ്യനുപരിയായി യാതൊന്നുമില്ല എന്ന് ശാഠ്യം പിടിക്കുന്ന ഭൗതികവാദികൾ ഏത് അസാധാരണ പ്രതിഭാസത്തേയും മനുഷ്യമനസ്സിന്റെ സൃഷ്ടിയായും ശക്തിയായും മാത്രം കാണുന്നു. മറ്റൊരു വിഭാഗം പൈശാചികമായതിനെ ദൈവീകവും ആദ്ധ്യാത്മീകവുമായ പ്രതിഭാസങ്ങളയി ഗണിക്കുന്നു. **പിശാചിന്റെ പ്രവർത്തനങ്ങളെ കണ്ടുപിടിക്കാനും മനസ്സിലാക്കാനും ശാസ്ത്രത്തിനോ സ്വതന്ത്രമായ അദ്ധ്യാത്മിക ചിന്തക്കോ സാധ്യമല്ല. ഒരൊറ്റ മാർഗ്ഗമേയുള്ളൂ. “തീർച്ചയായും സൂക്ഷിച്ചു ജീവിക്കുന്നവരാരോ അവർ, അവരെ പിശാചിൽ നിന്നുള്ള പ്രേരണ ബാധിച്ചാൽ അവർ ഓർമ്മിക്കുന്നു. അപ്പോൾ അവർ കാഴ്ചയുള്ളവരായിത്തീരുന്നു (അഅ്റാഫ് 7:201). അവർ അല്ലാഹുവിന്റെ ഖുർആനിലും നബി(സ)യുടെ തിരുവചനങ്ങളിലും പിശാചിനെപ്പറ്റി വന്ന കാര്യങ്ങൾ ഓർമ്മിക്കുകയും സംഗതികൾ മനസ്സിലാക്കുകയും ചെയ്യുന്നു. ഈ ശാസ്ത്രീയ യുഗത്തിലും ഈ ഒരേയൊരു മാർഗ്ഗമല്ലാതെ പിശാചിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ മറ്റൊരു വഴിയുമില്ല. അതുകൊണ്ട് മന:ശാസ്ത്ര വിദഗ്ദൻമാർ എന്തെങ്കിലും പറയുമ്പോഴേക്ക് വിഷയത്തിലെ അവസാനവാക്കാണത് എന്ന് ധരിച്ച് ആരും വിഡ്ഢിത്തത്തിൽ പെട്ടുപോകരുത്.**

## സബോധമനസ്സും ഉപബോധമനസ്സും

മന: ശാസ്ത്രമെന്നു പറയുമ്പോൾ അത് ഭൗതിക ശാസ്ത്രം (Physics), രസതന്ത്ര ശാസ്ത്രം (Chemistry) മുതലായ ശാസ്ത്ര വിഭാഗങ്ങളെപ്പോലെ കണിശമായ പരീക്ഷണ നിരീക്ഷണങ്ങളും നിഗമനങ്ങളും സാധ്യമായ ഒരു ശാസ്ത്ര ശാഖയാണെന്ന് ധരിക്കുന്നത് തെറ്റായിരിക്കും. മനുഷ്യ മനസ്സിനെ ഒറ്റയ്ക്കു എടുത്ത് പരീക്ഷണത്തിന് വിധേയമാക്കാൻ സാധ്യമല്ലല്ലോ. പല സാഹചര്യങ്ങളിലുമുള്ള മനുഷ്യന്റെ പെരുമാറ്റങ്ങളേയും പ്രവർത്തനങ്ങളേയും അഭിപ്രായങ്ങളേയും മറ്റും പഠന വിഷയമാക്കി ലഭിക്കുന്ന നിഗമനങ്ങളും സിദ്ധാന്തങ്ങളും ന്യൂനതയറ്റതോ പിഴവുകളും പോരായ്മകളും ഇല്ലാത്തതോ ആണെന്ന് പലപ്പോഴും ഉറപ്പിക്കുക സാധ്യമല്ല. മനസ്സിന്റെ കേന്ദ്രം മസ്തിഷ്ക്കം മാത്രമാണെന്ന് സമ്മതിച്ചാൽ തന്നെ ജീവനുള്ള മനുഷ്യന്റെ മസ്തിഷ്ക്കത്തെ കണിശമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കുക സാധ്യമല്ല. **വളരെയധികം സിദ്ധാന്തങ്ങളും അർദ്ധ സത്യങ്ങളും ഊഹങ്ങളുമെല്ലാം അടങ്ങുന്ന ഒരു രംഗമാണ് മന:ശാസ്ത്രം. സാധാരണ നിലക്കു ശാസ്ത്രം എന്ന പേരുതന്നെ ഇവിടെ ഉപയോഗിക്കുന്നതു ശരിയായിരിക്കയില്ല. ആധുനിക മന:ശാസ്ത്രത്തിലെ പല സ്കൂളുകളും ഉൾപിരിവുകളുമെന്നും നമുക്ക് പ്രശ്നമല്ല. പൊതുവിൽ സബോധ മനസ്സിനെപ്പറ്റിയും ഉപബോധ മനസ്സിനെപ്പറ്റിയുമുള്ള സിദ്ധാന്തങ്ങൾ മാത്രമാണ് നമുക്ക് ഗൌനിക്കാനുള്ളത്.**

മന:ശാസ്ത്രമനുസരിച്ച് മനുഷ്യന് രണ്ട് മനസ്സുകൾ ഉണ്ടെന്ന് പറയാം. (1) ഉപരിതല മനസ്സ് അല്ലെങ്കിൽ സബോധ മനസ്സ് (Concious mind), (2) ആന്തരീക മനസ്സ് അഥവാ ഉപബോധ മനസ്സ് (Sub concious mind) മനുഷ്യന്റെ ശൈശവം മുതൽക്കുള്ള എല്ലാ അടിച്ചമർത്തപ്പെട്ട ലൈംഗിക വാസനകളും വികാരങ്ങളും ആശകളും ഓർമ്മകളുമെല്ലാം അവന്റെ ഉപബോധ മനസ്സിൽ ഒളിഞ്ഞിരിക്കുന്നു. അവസരം കിട്ടുമ്പോൾ പല വികൃതരൂപങ്ങളും കൈക്കൊണ്ട് ബഹിഗർമിക്കുവാൻ വെമ്പൽകൊള്ളുന്ന അടിച്ചമർത്തപ്പെട്ട ഈ രാക്ഷസൻമാർ, ബോധ മനസ്സിന്റെ ചില ദുർബ്ബല നിമിഷങ്ങളിൽ കടന്നാക്രമണം നടത്തിയേക്കും. യഥാർത്ഥത്തിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്നത് ഈ ഉപബോധമനസ്സാണ്. ബോധമനസ്സ് അതിന് ന്യായീകരണം കണ്ടുപിടിക്കുക മാത്രമാണ് എന്നെല്ലാം മന:ശാസ്ത്രം സിദ്ധാന്തിക്കുന്നു. ഈ സിദ്ധാന്തങ്ങൾക്കെല്ലാം ഉപോൽബലകമായി മന:ശാസ്ത്രത്തിൽ പ്രധാനമായും ആശ്രയിക്കാനുള്ളത് ‘ഹിപ്നോട്ടിസം’ എന്ന അസാധാരണമായ പ്രതിഭാസത്തേയാണ്. ‘ഹിപ്നോട്ടിസ’ത്തിൽ മനുഷ്യന്റെ സബോധമനസ്സിനെ ഉറക്കിക്കിടത്തി ഉപബോധമനസ്സിനെ ഉത്തേജിപ്പിച്ച് നിയന്ത്രണ വിധേയമാക്കി പ്രവർത്തിപ്പിക്കു

കയാണത്രെ ചെയ്യുന്നത്. **'ഹിപ്നോട്ടിസം' എന്താണെന്ന് കണിശമായി പറയുവാൻ ശാസ്ത്രത്തിന് ഇതുവരെ സാധിച്ചിട്ടില്ല. പല സിദ്ധാന്തങ്ങളും ഈ വിഷയകമായി ഉണ്ടെങ്കിലും ഒന്നും സത്യമാണെന്നുറപ്പിക്കാൻ സാധ്യമല്ല.**

പക്ഷെ ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം. ഹിപ്നോട്ടിസം പഠിക്കുവാൻ സ്വയം ഹിപ്നോട്ടൈസം ചെയ്ത് ശീലിക്കേണ്ടതുണ്ട് (Self hypmosis). ഇതും സന്യാസത്തിലെ 'യോഗവിദ്യ'യും വളരെ അധികം സാദൃശ്യമുണ്ട്. പൗരാണികരും ആധുനികരുമായ ഋഷിമാരും സൂഫികളും അനുഷ്ഠിച്ചിരുന്ന സാധനകളെ പാശ്ചാത്യരുടെ സെൽഫ് ഹിപ്നോട്ടിസവുമായി താരതമ്യ പഠനം നടത്തിയാൽ ഒരു വ്യത്യാസം മാത്രമേ കാര്യമായിട്ടുള്ളൂ. **പാശ്ചാത്യർ ഉപബോധമനസ്സ് എന്നുപറയുന്നതിനെ, ആത്മാവായും, പരമാത്മാവായും ദൈവമായും ഋഷികളും സൂഫികളും മനസ്സിലാക്കി എന്നതാണ് ആ വ്യത്യാസം.** സബോധമനസ്സിനെ തീരെ നിശ്ചലമാക്കി യാതൊരു വികാര - വിചാര - ചലനവുമില്ലാതെ നിർജ്ജീവമാക്കിയെടുത്ത് 'ഉപബോധ മനസ്സിന്' മസ്തിഷ്ക്കത്തേയും ദേഹത്തേയും വിട്ടുകൊടുത്ത് ഒരു മീഡിയം ആയി മാറുകയാണ് രണ്ടിലും നടക്കുന്നത്. ഏതായാലും ഈ 'ഉപബോധന മനസ്സ്' എന്നു പറയുന്നത് ആത്മാവാണോ ? പരമാത്മാവാണോ ? മനസ്സിന്റെ ഒരു ഭാഗം തന്നെയാണോ ? എന്താണത് ?

ഖുർആൻ ഖണ്ഡിതമായി പറയുന്നു: "ഒരാൾക്കും അല്ലാഹു അയാളുടെ ഉള്ളിൽ രണ്ടു ഹൃദയങ്ങൾ സൃഷ്ടിച്ചിട്ടില്ല" (അഹ്സാബ് 33:4). മനുഷ്യന് രണ്ടു മനസ്സുകൾ ഉണ്ടായിരിക്കുക എന്നതു ഖുർആൻ അംഗീകരിക്കുന്നില്ല. 'ഉപബോധ മനസ്സ്' ഒരു മനസ്സാണെന്ന് ധരിക്കാൻ സാധ്യമല്ല. എന്നാൽ ആത്മാവായിരിക്കുമോ ? ഖുർആൻ തന്നെ പറയട്ടെ. "ആത്മാവിനെ സംബന്ധിച്ച് നിന്നോട് അവർ ചോദിക്കും. ആത്മാവ് എന്റെ നാഥന്റെ കാര്യത്തിൽപെട്ടതാണ്. അറിവിൽ നിന്ന് അൽപം മാത്രമേ നിങ്ങൾക്കു നൽകപ്പെട്ടിട്ടുള്ളു എന്നു പറയുക" (അൽഇസ്രാഅ് 17:85)

ആത്മാവിനെപ്പറ്റിയുള്ള വ്യക്തമായ അറിവ് മനുഷ്യന് ലഭിക്കുക തന്നെ സാധ്യമല്ല. **അദ്വൈത സാഹിത്യത്തിലും (വഹ്ദത്തുൽ വുജൂദ്) ആദ്ധ്യാത്മീക ചിന്തകളിലുമെല്ലാം കാണുന്ന ആത്മാവിനെക്കുറിച്ചുള്ള വിജ്ഞാനങ്ങളും മറ്റും ഖുർആന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ തെറ്റായ ധാരണകളിൽ നിന്നുണ്ടായതാണെന്ന് മനസ്സിലാക്കാം.** ശരിയായ വിജ്ഞാനമല്ല അതെന്ന് നിസ്സങ്കോചം പറയാം. മനുഷ്യനെ പല പരീക്ഷണങ്ങൾക്കും വിധേയമാക്കാൻ സാധിക്കുന്ന ഈ ഉപബോധ മനസ്സ് ആത്മാവാകുവാനും സാധ്യമല്ല. **ഖുർആന്റേയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ചിന്തിച്ചാൽ നമുക്കു ഈ ഉപബോധ മനസ്സിനെ വിലയിരുത്താൻ സാധിക്കുമോ ? സാധിക്കണം. അതിന് ഈ ഉപബോധ മനസ്സിന്റെ സ്വഭാവത്തേയും കഴിവുകളേയും കുറിച്ച് വന്നിട്ടുള്ള പല കാര്യങ്ങളും കുറച്ചുകൂടി വിശദമായി പഠിക്കേണ്ടതുണ്ട്. അതുപോലെ തന്നെ ഖുർആനിലും ഹദീസിലും വന്നിട്ടുള്ള വിജ്ഞാനങ്ങളെ ഗൗരവത്തോടുകൂടി കണക്കിലെടുത്ത് ആധുനിക വിമർശകരേയും തിരുത്തൽ വാദികളേയും ഭയപ്പെടാതെ ധൈര്യപൂർവ്വം ചിന്തിക്കേണ്ടതുണ്ട്.**

## ഉപബോധമനസ്സിന്റെ കഴിവുകൾ

ഒരു മനുഷ്യനെ ഹിപ്നോട്ടിക് നിദ്രയിലാക്കി അയാളുടെ ഉപബോധമനസ്സിനെ ഉത്തേജിപ്പിച്ച്, അതിനോട്, നീ ഉറക്കത്തിൽ നിന്നുണർന്ന ശേഷം ഇന്ന കാര്യം ചെയ്യണം എന്നു പറഞ്ഞാൽ ഉണർന്നതിനുശേഷം ആ കാര്യം ചെയ്യും. ഉദാഹരണമായി ചുമരിൻമേൽ ഒരു പക്ഷിയുടെ ചിത്രം വരയ്ക്കാനാണ് പറഞ്ഞതെങ്കിൽ, ഉണർന്നാൽ ഉടനെ ഒരു പെൻസിൽ എടുത്ത് ആ ചിത്രം വരയ്ക്കും. അപ്പോൾ എന്തിനാണ് ചിത്രം വരയ്ക്കുന്നതെന്ന് ചോദിച്ചാൽ 'അങ്ങിനെ വരയ്ക്കാൻ തോന്നി' എന്ന് പറയും. ഉപബോധമനസ്സാണ് പ്രവർത്തിക്കാൻ പ്രേരണ നൽകുന്നത് എന്നതിന് ഒരു ഉദാഹരണമത്രെ ഇത്. കൂടുതൽ സങ്കീർണ്ണമായ ഒരു പരീക്ഷണം ഒരു ആധികാരിക മന: ശാസ്ത്ര ഗ്രന്ഥത്തിൽ നിന്ന് ഉദ്ധരിക്കുകയാണ്:

" 'എ' എന്ന ആളെ 'ബി' ഹിപ്നോട്ടിക് നിദ്രയിലാക്കിയിട്ട് ഇങ്ങിനെ പറഞ്ഞു. 'താൻ ഉണർന്നതിനുശേഷം ഒരു പുസ്തകം വായിക്കും. അപ്പോൾ ഞാൻ മേശമേൽ കൊട്ടും. ഞാൻ കൊട്ടുന്ന എണ്ണംകൊണ്ട് താൻ വായിക്കുന്ന പുസ്തകത്തിന്റെ വലതുഭാഗത്തെ പേജ് നമ്പറിനെ പെരുകി കിട്ടുന്ന ഉത്തരം ഒരു കടലാസിൽ എഴുതണം. എഴുതുന്നത് താൻ അറിയുകയുമരുത്'. അങ്ങിനെ 'എ' ഉണർന്നതിനു ശേഷം ഒരു കവിതാ പുസ്തകം വായിക്കാൻ കൊടുത്തു. അതുവളരെ ശ്രദ്ധിച്ചു വായിച്ചുകൊണ്ടിരിക്കെ 'ബി' മേശമൽ നാലു പ്രാവശ്യം കൊട്ടി. 'എ'യുടെ വലതു കൈ ഒരു പെൻസിൽ എടുത്ത് കടലാസിൽ 400 എന്നെഴുതി. 'ബി' ചോദിച്ചു: 'താൻ എന്താണ് എഴുതിയത്'? എന്ന്. 'എ' പറഞ്ഞു: 'ഞാൻ ഒന്നും എഴുതിയിട്ടില്ല' ".

സബോധമനസ്സ് അറിയാതെ സ്വതന്ത്രമായി തന്നെ ഉപബോധമനസ്സിന് പ്രവർത്തിക്കാൻ കഴിയുമെന്ന് മാത്രമല്ല ഉപബോധമനസ്സ് ഒരു പ്രത്യേക വ്യക്തിയെ പോലെയാണ്. അതിന് സ്വന്തം വിചാരവും വികാരവുമെല്ലാമുണ്ട്. ബോധമനസ്സ് ഉപബോധമനസ്സിന്റെ വിചാരം എന്താണെന്ന് അറിയുന്നില്ല. **ഒരു മനുഷ്യനിൽ രണ്ടു വ്യക്തിത്വങ്ങൾ ഉണ്ട് എന്ന് വരുന്നു. എന്നു മാത്രമല്ല 'ഉപബോധമനസ്സ്' 'എ'യുടെ മനസ്സാണെന്ന് പറയാൻ തന്നെ സാധ്യമല്ല. അത് 'എ'യുടെ ദേഹത്തിലുള്ള വേറെ ഒരു വ്യക്തിത്വത്തിന്റെ മനസ്സാണ് എന്ന് പറയുകയായിരിക്കും കൂടുതൽ ശരി.** കാരണം ഉപബോധമനസ്സ് പെരുക്കിയതും എഴുതിയതുമൊന്നും 'എ' അറിയുന്നില്ല. അതുപോലെ തന്നെ ഹിപ്നോട്ടിക് നിദ്രയിൽ ഉപബോധമനസ്സ് പറയുന്നതും ചെയ്യുന്നതുമൊന്നും ബോധമനസ്സ് അറിയുന്നില്ല.

## ടെലിപതിയും മനസ്സും

ഉപബോധമനസ്സിന്റെ കഴിവുകളെപ്പറ്റി പറയുകയാണെങ്കിൽ അമാനുഷിക കഴിവുകളാണത്രെ അവക്കുള്ളത്. ആയിരമായിരം നാഴിക അകലെയിരിക്കുന്ന ഒരു വ്യക്തിയെക്കൊണ്ട് ഉപബോധമനസ്സിന്റെ ശക്തി ഉപയോഗിച്ച്

നൃത്തം ചവിട്ടിപ്പിക്കാം. ലോകത്തിന്റെ ഏതു കോണിൽ എന്തു നടക്കുന്നുവെന്നും ഉപബോധമനസ്സിന്റെ സഹായത്തോടെ മനസ്സിലാക്കാൻ സാധിക്കും. **ഇതെല്ലാം കുറെ അതിശയോക്തി പരമാണെങ്കിലും എന്തോ അസാധാരണ കഴിവുകൾ ഉപബോധമനസ്സിന്റെ സ്വാധീനമുള്ളവർക്കുണ്ട് എന്ന് സമ്മതിക്കേണ്ടിവരും.** ടെലിപതി അഥവാ വിചാര വിനിമയം എന്ന കഴിവും ഉപബോധമനസ്സിന്റേതു തന്നെയാണെന്ന് പറയാം. ലോകത്തിന്റെ ഏതു മൂലയിലുള്ള ഒരു മാദ്ധ്യമത്തിന്റെ മനസ്സിലും ഏതുതരം ചിന്തയും ജനിപ്പിക്കുവാൻ ഉപബോധ മനസ്സിന്റെ കഴിവ് ഉപയോഗിച്ച് ഒരു ഹിപ്നോട്ടിസ്റ്റിന് കഴിയുന്നു. 'ടെലിപതി' ഇന്ന് വളരെയധികം ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ്. റഷ്യൻ - അമേരിക്കൻ ഹിപ്നോട്ടിസ്റ്റുകളെല്ലാം ഇന്ന് വളരെയധികം പഠനവും ഗവേഷണവും ഈ വിഷയത്തിൽ നടത്തുന്നുണ്ട്. തങ്ങളുടെ ചിന്താഗതികളിലേക്കും ആദർശങ്ങളിലേക്കും മറ്റും മനുഷ്യരെ 'ടെലിപതി'യുടെ കഴിവുകൾ ഉപയോഗിച്ച് മാറ്റാൻ കഴിയുമോ എന്നുപോലും പരീക്ഷിച്ചിട്ടുണ്ടത്രെ ! **ചില സൂഫികളും സന്യാസിമാരും ടെലിപതിക്കു കഴിവുള്ളവരായിരുന്നു എന്നു കാണാം. ആത്മാക്കൾ തമ്മിൽ വിദൂര ബന്ധങ്ങളിൽ ഏർപ്പെട്ട് ആശയവിനിമയം ചെയ്യുന്നതിനെപ്പറ്റി സൂഫി ഗ്രന്ഥങ്ങളിൽ കാണാം. അതുപോലെ തന്നെ ഋഷിമാരുടെ 'പരഹൃദയ ജ്ഞാന'ത്തെപ്പറ്റിയും ടെലിപതിക്ക് കഴിവുകളെപ്പറ്റിയും ധാരാളം സാഹിത്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം പൊള്ളയാണെന്ന് പറയാൻ തരമില്ല.** അവർ ഇത് ദൈവികവും ആത്മീയവുമായ കഴിവുകളായി ഗണിക്കുന്നു. മന:ശാസ്ത്രം ഇത് മനസ്സിന്റെ മാത്രം കഴിവാണെന്ന് വാദിക്കുന്നു. മനസ്സിന്റെ കഴിവ് എന്നു പറഞ്ഞാലും മനസ്സിന് ഒരു ദിവ്യത്വം കൽപിക്കുന്നതിനു തുല്യമാണത്. മസ്തിഷ്ക്കത്തിലെ അണുക്കളുടെ പ്രവർത്തനഫലം മാത്രമാണ് 'മനസ്സ്' എന്ന സിദ്ധാന്തിക്കുന്ന ഭൗതികവാദികളായ മന:ശാസ്ത്രജ്ഞൻമാരും മനസ്സിന് ഇത്തിരി അസാധാരണമായ കഴിവുകൾ ഉണ്ടെന്ന് സമ്മതിക്കാൻ നിർബന്ധിതരായിരിക്കയാണ്.

റേഡിയോ തരംഗങ്ങൾ പോലെ മസ്തിഷ്ക്കത്തിൽ നിന്നുൽഭവിക്കുന്ന വിചാരതരംഗങ്ങൾ അന്തരീക്ഷത്തിൽ കൂടി സഞ്ചരിച്ച് 'റിസീവർ' ആയി പ്രവർത്തിക്കാൻ കഴിവുള്ള ചില മസ്തിഷ്ക്കങ്ങളിൽ സ്വീകരിക്കപ്പെടുന്നു എന്നല്ലാം സിദ്ധാന്തങ്ങളുണ്ട്. പക്ഷെ യാതൊരുവിധ തരംഗങ്ങളും പ്രവേശിക്കാത്ത കേബിനുള്ളിൽ ആക്കിയ ആളുകളും ടെലിപതിക്ക് സന്ദേശങ്ങൾ സ്വീകരിക്കുന്നതായി ചില പരീക്ഷണങ്ങളിലൂടെ റഷ്യൻ ശാസ്ത്രജ്ഞൻമാർക്ക് കാണാൻ സാധിച്ചുവത്രെ. അതുകൊണ്ട് ഒരു വൈവതിയറികൊണ്ട് എളുപ്പത്തിൽ അങ്ങ് വ്യാഖ്യാനിക്കാൻ പറ്റിയതല്ല ഈ പ്രതിഭാസം. 'ഉപബോധമനസ്സ്' എന്ന മന:ശാസ്ത്രജ്ഞൻമാർ വിളിക്കുന്ന ഈ വ്യക്തിത്വത്തിന് അസാധാരണമായ കഴിവുകളുണ്ടെന്ന് പറഞ്ഞുവല്ലോ. ഭൗതിക പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി വളരെ ദൂരത്തുള്ള മറ്റൊരു വ്യക്തിയിൽ സന്ദേശങ്ങൾ എത്തിക്കാനും അവിടത്തെ വിവരങ്ങൾ അറിയുവാനും അത് ബോധമനസ്സിലേക്ക് എത്തിക്കുവാനുമെല്ലാമുള്ള കഴിവുകൾ ഉണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഹിപ്നോട്ടിസത്തിനു വിധേയമാക്കിയ ഒരു മാദ്ധ്യമത്തെ വായുമണ്ഡലത്തിൽ യാതൊരു താങ്ങുമില്ലാതെ പൊക്കിനിർത്തുന്ന ഒരു ഫോട്ടോ പത്രത്തിൽ കാണുകയുണ്ടായി. ഇതും മനസ്സിന്റെ കഴിവാണത്രെ ! ഇതെങ്ങിനെ സാധിക്കുന്നു ? ദൃശ്യമായ യാതൊരു താങ്ങുമില്ലാതെ വായു മണ്ഡലത്തിലിങ്ങനെ പൊങ്ങി നിൽക്കുമോ ! മനസ്സുകൊണ്ട് താങ്ങാൻ സാധ്യമാണോ ? ഉപബോധമനസ്സിന്റെ എനർജി ബഹിർഗമിച്ചു വളരെ കണിശമായി ആ വ്യക്തിയെ വായു മണ്ഡലത്തിൽ അങ്ങിനെ താങ്ങി നിർത്തുന്നു എന്നു പറയാം. പക്ഷെ, ഈ എനർജിക്ക് ബുദ്ധിയും വിവേകവും ഉണ്ടെന്ന് വന്നാലേ ഇതു സാധ്യമാകൂ! അത് ഏതായാലും ശരിയാകയില്ലല്ലോ. അപ്പോൾ അദൃശ്യനായ ബുദ്ധിയുള്ള ആരോ ഒരുവൻ അവിടെ പ്രവർത്തിക്കുന്നുണ്ട്, ഈ മാദ്ധ്യമത്തെ താങ്ങി നിർത്താൻ എന്നത് വ്യക്തമാണ്. ഇങ്ങിനെയെല്ലാമുള്ള അസാധാരണ കഴിവുകളുള്ള ഉപബോധമനസ്സിനും ചില ദൗർബ്ബല്യങ്ങളുണ്ട്. ഒരാളെ ഹിപ്നോട്ടിക് നിദ്രയിലാക്കി അയാളോട് അവിടം എത്രയാളുകളുണ്ട് എന്ന് ചോദിച്ചാൽ ആദ്യം ഉള്ളത് പറയും. നാലുപേരാണെങ്കിൽ 'നാല്' എന്ന് ഉത്തരം പറയും. എന്നാൽ ഇവിടെ മൂന്നുപേരെയുള്ളൂ എന്ന് ഹിപ്നോട്ടിസ്റ്റു പറഞ്ഞാൽ പിന്നെ എത്ര പ്രാവശ്യം ചോദിച്ചാലും 'മൂന്ന്' എന്നുതന്നെ പറയുകയുള്ളൂ. ഇത് ഹിപ്നോട്ടിസ്റ്റിനെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി പറയുന്നതാണ്. അതുപോലെ ചൂടുള്ള സാധനം കയ്യിൽവെച്ചുകൊടുത്താൽ ചൂട് ഉണ്ട് എന്ന് പറയും. ഇത് ഐസ്പോലെ തണുത്തതാണ് എന്ന് ഹിപ്നോട്ടിസ്റ്റ് സജഷൻ കൊടുത്താൽ പിന്നെ തണുപ്പുകൊണ്ട് കൈ വിറക്കുകയായി. ഇങ്ങിനെ ഹിപ്നോട്ടിസ്റ്റിനെ തൃപ്തിപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുന്നത് അറിഞ്ഞുകൊണ്ടാണ്, അല്ലാതെ ഹിപ്നോട്ടിസ്റ്റ് പറയുന്നതെല്ലാം അപ്പടി ബോധ്യമായിട്ടല്ല എന്ന് പല പരീക്ഷണങ്ങൾ കൊണ്ടും തെളിഞ്ഞിട്ടുള്ളതാണ്. **ഇത്രയും എഴുതിയത്, ഉപബോധമനസ്സ് എന്ന് മന:ശാസ്ത്രജ്ഞൻ വിളിക്കുന്ന 'ഈ വ്യക്തിത്വം' വെറും ഒരു മനസ്സല്ല. അമാനുഷികമായ കഴിവുകളുള്ള ഒരു പ്രത്യേക സൃഷ്ടിയാണ് എന്ന് മനസ്സിലാക്കാൻ വേണ്ടിയാണ്.**

## മനുഷ്യന്റെ അദൃശ്യനായ കൂട്ടുകാരൻ

ഓരോ മനുഷ്യനും അവനെവിടാതെ അവന്റെ മനസ്സിൽ പ്രേരണകൾ ചെലുത്തിക്കൊണ്ടും അവന്റെ അനുഭവങ്ങളിൽ പങ്കാളിയായിക്കൊണ്ടുമുള്ള 'ജിന്നി'ൽ നിന്നുള്ള ഒരു കൂട്ടുകാരനുണ്ടെന്ന് ഖുർആൻ പല സ്ഥലങ്ങളിലും വ്യക്തമാക്കുന്നുണ്ട്. നാം അത് കാര്യമായി ഗണിച്ചിട്ടില്ല. ശാസ്ത്രത്തിനോ മറ്റു വിജ്ഞാനശാഖകൾക്കോ ഈ കാര്യം കണ്ടുപിടിക്കാനും സാധ്യമല്ല. **അല്ലാഹുവിങ്കൽ നിന്നുള്ള മുന്നറിയിപ്പ്, ഖുർആനിലും നബി വചനങ്ങളിലും വന്നിട്ടുള്ളത് അതർഹിക്കുന്ന ഗൗരവത്തോട നാം പരിഗണിച്ചതുമില്ല. എന്നിട്ട് മന:ശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളുടേയും അദ്വൈതത്തിന്റെ ആത്മീയ സിദ്ധാന്തങ്ങളുടേയും ഇടയിൽ കിടന്ന് നട്ടം തിരിയുകയാണ്.** മനുഷ്യന്റെ ദൃഷ്ടിയിൽ നിന്നും പരീക്ഷണങ്ങളിൽ നിന്നും ഒളിഞ്ഞിരിക്കാനുള്ള കഴിവുള്ളതുകൊണ്ട് ഈ അദൃശ്യ

നായ കൂട്ടാളിയെ കണ്ടുപിടിക്കാൻ സാധ്യമല്ല. പുനരുത്ഥാനത്തിലും പരലോകത്തിലും മനുഷ്യന് വിശ്വാസമില്ലാതാക്കുവാനും ഈ ലൗകിക ജീവിതം മഹത്തരമായും അനശ്വര തുല്യമായും തോന്നിപ്പിക്കുവാനും സദാ മനുഷ്യമനസ്സിൽ പ്രേരണകൾ ചെലുത്തിക്കൊണ്ടിരിക്കുകയാണ് ഈ കൂട്ടുകാരൻ. പരലോകത്ത് സ്വർഗ്ഗത്തിൽ പ്രവേശിച്ച് ഒരു സത്യവിശ്വാസിയായ മനുഷ്യൻ പറയുന്നതായി ഖുർആനിൽ വന്നിട്ടുള്ള ചില വചനങ്ങൾ ഈ കാര്യത്തിലേക്കു വെളിച്ചം വീശുന്നു.

"തീർച്ചയായും എനിക്കു ഒരു കൂട്ടുകാരനുണ്ടായിരുന്നു. (പുനരുത്ഥാനത്തിൽ) വിശ്വസിക്കുന്നവരിൽ പെട്ടവനാണോ നീ ?! നാം മരണമടഞ്ഞു മണ്ണും എല്ലുമായി തീർന്നതിനു ശേഷം രണ്ടാമതും ഉയർത്തെഴുന്നേൽപ്പിക്കപ്പെടുകയോ..... ?!

**ഈ കൂട്ടുകാരൻ മനുഷ്യരിൽ തന്നെപെട്ട ഒരുത്തനാണെന്ന് വെയ്ക്കുകയാണെങ്കിൽ, ഈ സത്യവിശ്വാസി ലോക ജീവിതത്തിൽ എപ്പോഴും ഉറ്റമിത്രമായി ഒരു അവിശ്വാസിയെ ആയിരുന്നു കൊണ്ടു നടന്നിരുന്നത് എന്നുവരുന്നു. അതും പരലോക വിശ്വാസത്തെ നിഷേധിക്കുന്നവനും അതു പ്രചരണം നടത്തുന്നവനുമാണെന്ന് അറിഞ്ഞുകൊണ്ട് അവനെ ഉറ്റമിത്രമാക്കുന്നതു ഒരു വിശ്വാസിക്കു ചേർന്നതല്ല. അതുകൊണ്ട് ഇവിടെ പിശാചിൽ നിന്നുള്ള കൂട്ടുകാരനെ തന്നെയാണു പറയുന്നത് എന്ന് ഉറപ്പിക്കാം.** ഈ വിഷയമായി വന്ന ഹദീസുകളിൽ ഒന്നു മാത്രം ഉദ്ധരിക്കാം. "നിങ്ങളിൽ ഒരാളുമില്ല; ജിന്നുവർഗ്ഗത്തിൽ പെട്ട അവന്റെ ഒരു കൂട്ടുകാരനും മലക്കുകളിൽപെട്ട അവന്റെ ഒരു കൂട്ടുകാരനും അവന്റെ കാര്യത്തിൽ ഭരമേൽപ്പിക്കപ്പെട്ട നിലയിലല്ലാതെ" എന്ന് പ്രവാചകൻ പറഞ്ഞു. "അവിടത്തേക്കോ" എന്ന് അവർ (സഹാബികൾ) ചോദിച്ചു. എനിക്കു പക്ഷെ അവരുടെ മേൽ അല്ലാഹു എന്നെ സഹായിച്ചു. അതിനാൽ അവൻ കീഴ്പ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഗുണമായ കാര്യമില്ലാതെ അവൻ എന്നോടു കൽപ്പിക്കുന്നില്ല" എന്ന് റസൂൽ(സ) പറഞ്ഞതായി ഇബ്നുമസ്ഊദ്(റ) പറയുന്നു (മുസ്ലിം).

ഖുർആൻ ഉപയോഗിക്കുന്ന 'ഖരീൻ' എന്ന വാക്കുതന്നെയാണ്, ഹദീസിലും വന്നിട്ടുള്ളത്. എപ്പോഴും വിടാതെ കൂടെ തന്നെയുള്ള കൂട്ടുകാരൻ എന്നാണ് അതിന്റെ വിവക്ഷ. പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ മനുഷ്യൻ ഈ പിശാചിൽ നിന്നുള്ള കൂട്ടുകാരനെ കുറ്റപ്പെടുത്തും. അപ്പോൾ കൂട്ടുകാരൻ പറയും "ഞങ്ങളുടെ നാഥാ! ഞാൻ അവനെ അക്രമിയാക്കിയിട്ടില്ല. പക്ഷെ അവൻ തന്നെ വിദൂരമായ വഴികേടിലായിരുന്നു". (ഖാഫ് 50:27) - ഖുർആനിൽ നിന്നും ഹദീസിൽ നിന്നും ഈ വിഷയകമായും ഇനിയും ധാരാളം ഉദ്ധരിക്കാനുണ്ട്.

**ജിന്നിൽ നിന്നുള്ള ഒരു കൂട്ടുകാരൻ ഓരോ മനുഷ്യനും ഉണ്ട് എന്നത് ഇതുവരെ പറഞ്ഞതിൽ നിന്നു തന്നെ വ്യക്തമാണല്ലോ. മനുഷ്യന്റെ മരണത്തോടുകൂടി മാത്രമേ ഈ കൂട്ടുകാരൻ അവനെ വിട്ടുപോകുകയുള്ളൂ.** അതായിരിക്കാം പ്രേതം എന്ന് സാധാരണ പറയുന്നത്. പെട്ടെന്നുള്ള അത്യാഹിതത്തിലും മറ്റും മരണപ്പെടുന്നവരുടെ കൂട്ടുകാരനായ പിശാച് അസംതൃപ്തനായ പ്രേതമായി കുറച്ചുകാലം കൂടി അലഞ്ഞു തിരിഞ്ഞേക്കാം. അല്ലെങ്കിൽ വല്ല കുട്ടികളേയും ബാധിച്ച് പുനർജന്മ സിദ്ധാന്തത്തിന് തെളിവുണ്ടാക്കി കൊടുക്കാൻ നടന്നേക്കാം! ഇത് ആത്മാവാണെന്ന് ധരിച്ച് നിരവധി അദ്ധ്യാത്മിക സാഹിത്യങ്ങൾ മനുഷ്യർ സൃഷ്ടിച്ചിട്ടുണ്ട്. **മന:ശാസ്ത്രത്തിലേയും ഹിപ്നോട്ടിസത്തിലേയും 'ഉപബോധ മനസ്സ്' ഈ കൂട്ടുകാരന്റേതാണ്.** മനുഷ്യന്റെ ബോധമനസ്സിനേയും അതോടൊപ്പം അവന്റെ ആത്മാവിനെയും ഒരു തരത്തിലുള്ള നിദ്രയിൽ ആക്കി ഈ കൂട്ടുകാരൻ (ഖരീൻ) മനുഷ്യ മസ്തിഷക്കത്തേയും ശരീരത്തേയും ബാധിക്കുകയാണു ഹിപ്നോട്ടിക് നിദ്രയിൽ ചെയ്യുന്നത്. അതിന്റെ കഴിവുകളാണ് ഉപബോധ മനസ്സിന്റെ കഴിവുകൾ. അതുകൊണ്ടാണ് അസാധാരണവും അമാനുഷികവുമായ കഴിവുകൾ ഉപബോധ മനസ്സിനുണ്ടാകുന്നത്. **ഈ കഴിവുകൾ ജിന്നിൽ നിന്നുള്ള 'ഖരീൻ' ന്റെ കഴിവുകളാണ്. 'ടെലിപതി'യുടെ കഴിവുകളും മറ്റുമെല്ലാം മനുഷ്യ മനസ്സിന്റെ കഴിവുകളാണെന്ന് മന:ശാസ്ത്രജ്ഞൻമാർ ധരിക്കുന്നു. അദൃശ്യനായ ഈ കൂട്ടുകാരൻ മനുഷ്യന്റെ അഹന്ത വർദ്ധിപ്പിക്കുവാൻ അവനെ ആ ധാരണയിൽ അങ്ങോട്ട് വിടുകയും ചെയ്യുന്നു!**

സന്യാസത്തിലും അദ്വൈത സാധനകളിലും നടക്കുന്നതും വളരെ വ്യത്യസ്തമല്ല. ബോധമനസ്സിനെ നിശ്ചലമാക്കി ധ്യാനത്തിലൂടെയും സാധനകളിലൂടെയും ഉപബോധ മനസ്സു (ഖരീൻ) മായുള്ള മറനീക്കി കൂട്ടുകാരനു അറിയുന്നതെല്ലാം തനിക്കുമറിയുമെന്ന ഒരു നില പ്രാപിക്കുന്നു. ചിലപ്പോൾ കൂട്ടുകാരന്റെ ഒരു കോമരം (മീഡിയം) മാത്രമായി മാറുന്നു. സ്വയം ഹിപ്നോട്ടൈസ് ചെയ്യാനുള്ള പരിശീലനങ്ങളിലും അദ്വൈതാനുഭൂതി നേടാനുള്ള യോഗവിദ്യകളിലും ശരീരത്തേയും മസ്തിഷ്കത്തേയുമെല്ലാം ഈ കൂട്ടുകാരന് കൂടുതൽ സൗകര്യപ്പെടുത്തുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. അല്ലാഹുവിന്റെ ഖുർആനും അവൻ കാണിച്ചു തരുന്ന മാർഗ്ഗവും വിട്ട് ഇതര മാർഗ്ഗങ്ങളിലൂടെ ദൈവസാമീപ്യത്തിനു വേണ്ടി ശ്രമിക്കുന്നവരെ പിശാചിൽ നിന്നുള്ള ഈ കൂട്ടുകാരൻ സത്യത്തിൽ നിന്നും ബഹുദൂരം അകറ്റുന്നു. പക്ഷെ അവർ ദൈവീക മാർഗ്ഗത്തിലാണെന്ന് ധരിക്കുകയും ചെയ്യുന്നു.

"പരമകാരുണികന്റെ ഉൽബോധനത്തോട് (ഖുർആൻ) വിമുഖത കാണിക്കുന്നവനാരോ അവന് നാം ഒരു പിശാചിനെ നിശ്ചയിച്ചുകൊടുക്കുന്നു. അങ്ങിനെ അവൻ അവന്ന് കൂട്ടുകാരനായിരിക്കും. അവർ (പിശാചുക്കൾ) അവരെ നേർമാർഗ്ഗത്തിൽ നിന്ന് തടയുന്നു. ഇവർ തങ്ങൾ നേർവഴി പ്രാപിച്ചവരാണെന്ന് ധരിക്കുകയും ചെയ്യുന്നു. അങ്ങിനെ അവൻ നമ്മുടെ അടുക്കൽ വന്നാൽ പറയും ഹാ! എന്റെയും നിന്റെയും ഇടക്ക് ഉദയാസ്തമനസ്ഥാനങ്ങൾ തമ്മിലുള്ള അകലമുണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.! നീ അതിചീത്ത കൂട്ടുകാരൻ തന്നെ (സുഖ്റുഫ് 43:36-38).

അല്ലാഹുവും അവന്റെ പ്രവാചകനും കാണിച്ചുതരാത്ത (ബിദ്അത്ത്) മാർഗ്ഗങ്ങൾ സ്വീകരിച്ച്, ദൈവസാമീപ്യത്തിനും ആത്മീയവളർച്ചക്കും ശ്രമിക്കുന്ന എല്ലാ വിഭാഗക്കാർക്കും അല്ലാഹുവിന് പകരം പിശാചിന്റെ സാമീപ്യ

മാണ് ലഭിക്കുക. പലതരം ത്വരീഖത്തുകൾ സ്വീകരിക്കുന്നവർക്കും സന്യാസവും വഴിപിഴച്ച സൂഫിമാർഗ്ഗങ്ങളും പിന്തുടരുന്നവർക്കുമെല്ലാം ഇതുതന്നെയായിരിക്കും ഗതി. **അദ്വൈതമാർഗ്ഗം സ്വീകരിച്ച് ഉപബോധമനസ്സുമായി ലയം പ്രാപിച്ച് പിശാചിന്റെ ശരിയായ മിത്രമായിത്തീർന്നിട്ടുള്ളവർക്ക് പിശാചിൽ നിന്നുള്ള ചില ഉപകാരങ്ങൾ ലഭിച്ചേക്കും. അവരുടെ അനുഗ്രഹത്തിനും ദർശനത്തിനും ചെല്ലുന്ന ആരാധകരെ അമ്പരപ്പിക്കുന്ന തരത്തിലുള്ള അമാനുഷിക ദൃഷ്ടാന്തങ്ങൾ കാണിക്കാൻ പിശാച് അവരെ സഹായിക്കും. 'താങ്കൾ വന്ന ആവശ്യം ഇന്നതാണ്, അത് സാധിക്കും', എന്നെല്ലാം ആരാധകന്റെ ഹൃദയത്തിലുള്ളത് അറിഞ്ഞതുപോലെ പറഞ്ഞേക്കും. ആരാധകന്റെ പിശാചിൽ നിന്നും (ഖരീൻ – ഉപബോധമനസ്സ്) സന്യാസിയുടെ അഥവാ സിദ്ധന്റെ കൂട്ടുകരാനായ പിശാചിന് (ഖരീന്) കിട്ടിയ സന്ദേശം സന്യാസിക്ക് ലഭിച്ചതായിരിക്കും ഇത്. ഇതിനെയാണ് 'പരഹൃദയ ജ്ഞാനം' എന്ന് കൊട്ടിഘോഷിക്കുന്നത്.**

ഇനി 'പരകായപ്രവേശം' എന്നൊന്നുണ്ട്. പ്രസിദ്ധനായ ഒരു അദ്വൈത ഋഷിയുടെ ആത്മാവ് ദേഹത്തിൽ നിന്നും തൽക്കാലത്തേക്ക് വിട്ടുപോയി, ലൈംഗീക വിഷയത്തിൽ ജ്ഞാനം നേടാൻ വേണ്ടി ലൈംഗീകാസക്തനായ ഒരു രാജാവിന്റെ ദേഹത്തിൽ പ്രവേശിച്ച് ലൈംഗികപരിജ്ഞാനം നേടി മടങ്ങി സ്വന്തം ദേഹത്തിൽ തന്നെ വന്നു ചേർന്നുവെന്ന് ഒരു ഐതീഹ്യമുണ്ട്. അതേപോലെ ഒരു പ്രസിദ്ധ സന്യാസിയുടെ ആത്മാവ് മരിക്കുന്നതിനു കുറച്ച് മണിക്കൂറുകൾക്കുമുമ്പ് തന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായ മറ്റൊരു സന്യാസിയിലേക്ക് പകർന്ന ചരിത്രവും അദ്വൈതസാഹിത്യങ്ങളിൽ കാണാം. ഇതെല്ലാം സംഭവ്യമാണോ ? സംഭവ്യമാണ് എന്നാണ് ഉത്തരം. **പക്ഷെ അതു ആത്മാവിന്റെ സഞ്ചാരകളികളൊന്നുമല്ല. കൂട്ടുകാരനായ പിശാച് (ഖരീന്) ആണ് ഇങ്ങിനെ 'പരകായപ്രവേശം' നടത്തുന്നത് എന്നുമാത്രം!** ഇനിയും വളരെയധികം വിശദീകരിക്കാൻ ഉണ്ട്. സ്ഥലപരിമിതി ഒരു പ്രശ്നമായിരിക്കുന്നു. ഖുർആൻ നമുക്കു നേർമാർഗ്ഗം കാണിച്ചു തരുന്നതോടൊപ്പം പാപികളുടെ മാർഗ്ഗം വ്യക്തമാക്കി തരികകൂടി ചെയ്യുന്നുണ്ട്. **നേർമാർഗ്ഗം ശരിക്കും മനസ്സിലായിരിക്കണമെങ്കിൽ പിഴച്ച മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവും അത്യാവശ്യമാണ്. അതിനാൽ ഈ ദീർഘമായ ലേഖനം ഒരിക്കലും അനാവശ്യമായ ഒരു പാഴ്വേല ആകുകയില്ല. അല്ലാഹു അനുഗ്രഹിക്കട്ടെ.**

## സബോധമനസ്സും ആത്മാവും

ആത്മാവിനെപ്പറ്റി എന്തെങ്കിലും പറയാൻ ഞാൻ ധൈര്യപ്പെടുന്നില്ല. എന്നാലും അത് സബോധമനസ്സിനോടാണ്, അല്ലാതെ ഉപബോധ മനസ്സിനോടല്ല ബന്ധപ്പെട്ടിരിക്കുന്നത് എന്ന് പറയാതെ നിവൃത്തിയില്ല. **ആത്മീയവളർച്ചയും പരിശുദ്ധിയും നേടാനുള്ള മാർഗ്ഗം ബോധമനസ്സിനെ തളർത്തി നിശ്ചലമാക്കി ഉപബോധ മനസ്സിനെ ഉത്തേജിപ്പിച്ചുംകൊണ്ടുള്ളതായിരിക്കാൻ ഒരിക്കലും പാടില്ല.** യഥാർത്ഥത്തിൽ മനുഷ്യന് മനസ്സ് ഒന്നേയുള്ളൂ. അതു ബോധമനസ്സാണ്. 'ഉപബോധ മനസ്സ്' മനുഷ്യന്റേതാണ് എന്ന് അംഗീകരിക്കാൻ വഴികാണുന്നില്ല. **തെളിഞ്ഞ മനസ്സോടുകൂടി ബോധപൂർവ്വം അല്ലാഹുവിനെ ആരാധിക്കുകയും അവന്റെ തൃപ്തിയെ മാത്രം ലാക്കാക്കി സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും വിരോധിച്ച കാര്യങ്ങളിൽ നിന്നും ബോധപൂർവ്വം അകന്നു നിൽക്കുകയും ചെയ്യുകയെന്ന ലളിതമായ നേർക്കുനേരെയുള്ള മാർഗ്ഗമാണ് ഇസ്‌ലാം നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ളത് അതിനാൽ നല്ല തെളിഞ്ഞ ബോധമുള്ള മനസ്സോടെ ആയിരിക്കണം അല്ലാഹുവിനെ ആരാധിക്കുവാൻ. ബോധനത്തിന് ക്ഷീണം പറ്റിയാൽ അവിടെ പിശാച് വന്ന് കയറുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.**

നമസ്ക്കാരത്തിന് വുളൂഅ് (ശുദ്ധി) ചെയ്യൽ ശുദ്ധിക്കുവേണ്ടി മാത്രമല്ല മനസ്സിന്റെ ഉണർവിനുകൂടിയാണന്നു വേണം കരുതുവാൻ. വെള്ളമില്ലെങ്കിൽ കൈകളും മുഖവും മാത്രം തടവുമ്പോഴും മാനസികബോധം തെളിഞ്ഞതായിരിക്കുക എന്ന ഉദ്ദേശം അതിന്റെ പിന്നിലില്ലേ? മുഖമൊന്ന് തടവിയാൽ മനസ്സൊന്ന് ഉഷാറാകുന്നു. കോട്ടുവാ ഉറക്കത്തിന്റെ ലക്ഷണമാണ്. മനസ്സിന് മങ്ങൽ കുടുങ്ങിയതിന്റെ അടയാളമാണത്. അത് പിശാചിൽ നിന്നുള്ളതാണ്. നമസ്കാരത്തിൽ കോട്ടുവാ ഉണ്ടാകുന്നത് ഗുണകരമല്ല. നേരെമറിച്ച് 'തുമ്മൽ' മനസ്സിനെ ഉഷാറാക്കുന്നു ബോധനത്തിനു മിഴിവ് വർദ്ധിപ്പിക്കുന്നു. അതുകൊണ്ടായിരിക്കാം, അല്ലാഹുവിന് സ്തുതി! എന്ന് പറയാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

**നമസ്കാരത്തിൽ ബോധമനസ്സിനെ നിശ്ചലമാക്കുന്ന തരത്തിലുള്ള ഏകാഗ്രത സാധ്യമല്ല. മനസ്സ് നല്ല ബോധത്തോടുകൂടി നേർമാർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ തന്നെ വഴിപിഴച്ചവരെപ്പറ്റിയും അല്ലാഹുവിന്റെ കോപത്തിന് ഇരയായവരെക്കുറിച്ചും ചിന്തിക്കുന്നു. ശരീരത്തെ ഒരേനിലക്ക് നിർത്തുന്നില്ല. നിൽക്കുകയും കുനിയുകയും ഇരിക്കുകയും സാഷ്ടാംഗം ചെയ്യുകയുമെല്ലാം നടക്കുന്നു. മനസ്സിന്റെ തെളിവും ഉഷാറും ബോധവും അങ്ങേയറ്റം ഉണ്ടാകത്തക്കരൂപവും ഘടനയും ഉള്ളടക്കവുമാണ് നമസ്ക്കാരത്തിനുള്ളത്. പിശാചിനെതിരായ ഒരു സമരമാണ് നമസ്കാരം.** ആത്മാവിന്റെ വളർച്ചയ്ക്കും പരിശുദ്ധിക്കും വേണ്ടിയുള്ള ഒരു യജ്ഞവും ഒറ്റക്കുള്ള സമരത്തേക്കാൾ, കൂട്ടായി അണിയണിയായിനിന്ന് സമരം ചെയ്യുന്നവർക്കാണ് വിജയസാധ്യത കൂടുതൽ. ഏകാന്തമായ ഏകാഗ്രതയേക്കാൾ കൂട്ടായ ജാഗ്രതക്കാണ് കൂടുതൽ പ്രാധാന്യം. ഒറ്റപ്പെട്ട ആട്ടിൻകുട്ടിയെ ചെന്നായ തട്ടിക്കൊണ്ടുപോകുന്നതുപോലെ ഒറ്റപ്പെട്ട നമസ്കാരക്കാരനെ പിശാചും വഞ്ചിച്ചേക്കും. **ബോധമനസ്സിനെ ശൂന്യമായ ഏകാഗ്രതയിലാഴ്ത്തി ഉപബോധമനസ്സിനെ ഉത്തേജിപ്പിക്കുന്ന തരത്തിലുള്ളതല്ല ഇസ്‌ലാമിലെ ആരാധന. നേരേമറിച്ച് ഉപബോധമനസ്സിൽ നിന്ന് വരുന്ന തോന്നലുകളുടെയും പ്രേരണകളുടെയും എതിരിൽ ബോധമനസ്സിനെ സജ്ജമാക്കുന്ന തരത്തിലുള്ളവയാണ്.**

**പത്മാസനത്തിലോ ശവാസനത്തിലോ നിശ്ചലമായിരുന്നും കിടന്നും ബോധമനസ്സിനെയാകെ ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ച് നിശ്ശൂന്യമാക്കി ദേഹത്തേയും മസ്തിഷ്ക്കത്തേയും ഉപബോധമനസ്സിന് (ഖരീൻ) വാഹനമാക്കിത്തീർക്കുന്ന തരത്തിലുള്ള യാതൊരു ധ്യാനമുറകളും ഇസ്‌ലാം അംഗീകരിക്കുന്നില്ല. അതുപോലെതന്നെ താളാത്മകമായ ആവർത്തനങ്ങളിലൂടെ ഒരുതരം അബോധാവസ്ഥ (ട്രാൻസ്) സൃഷ്ടിക്കുന്ന വിധത്തിലുള്ള ത്വരീഖത്ത് ദിക്റുകളും ശൈഖിനെ ഹാജറാക്കാനുള്ള പരിപാടികളും ഇസ്‌ലാമിന് കടകവിരുദ്ധമാണ്.** ഇത്തരം പ്രകടനങ്ങളുടെ ഫലമായുണ്ടാകുന്ന പ്രജ്ഞവിട്ട ഉപബോധാവസ്ഥയിൽ പിശാച് അവർക്ക് ശൈഖിന്റെ കോലം ഹാജറാക്കിക്കൊടുത്തേക്കാം! സൂഫിസത്തിലെ വഹ്ദത്തുൽ വജൂദും കശ്ഫും മണ്ണാംകട്ടയുമെല്ലാം മനുഷ്യന്റെ ചീത്ത കൂട്ടുകാരനായ പിശാചുമായി ലയം പ്രാപിക്കാനും അവന്റെ സഹായം ലഭിക്കുവാനും ഉതകിയേക്കാമെങ്കിലും അതിന് ഇസ്‌ലാം മതവുമായി യാതൊരു ബന്ധവുമില്ല. **ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കുവാനുള്ള കാരണം ഭൗതിക ജീവിതത്തിൽ അമാനുഷിക കഴിവുകൾ നേടാനുള്ള ദുരാഗ്രഹബന്ധിതമായ ആശയമാണ്. പരലോക ജീവിതത്തിലെ രക്ഷയക്കുള്ള ആത്മർത്ഥമായ ആഗ്രഹമല്ല.**

"ഇഹലോക ജീവിതത്തെ പരലോകത്തേക്കാൾ ഇഷ്ടപ്പെടുകയും അല്ലാഹുവിന്റെ മാർഗ്ഗത്തെ തൊട്ട് തടുക്കുകയും അതിന് വക്രത ആഗ്രഹിക്കുകയും ചെയ്യുന്നവരാരോ, അവർ വിദൂരമായ വഴികേടിലാണ്" (ഇബ്റാഹീം 14:3)

എന്നാൽ പരലോക ജീവിതത്തിൽ രക്ഷ കിട്ടണമെന്ന് ആഗ്രഹിക്കുന്ന സത്യവിശ്വാസികൾക്ക് അല്ലാഹു കാണിച്ചു തരുന്ന മാർഗ്ഗം എത്ര നല്ലത്! **"സത്യവിശ്വാസികളെ, നിങ്ങൾ റുക്കൂഅ് ചെയ്യുവീൻ, സുജൂദ് ചെയ്യുവീൻ, നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുവീൻ, നിങ്ങൾ നല്ലതു പ്രവർത്തിക്കുവിൻ, നിങ്ങൾ വിജയികളായേക്കാം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം സമരം ചെയ്യുവീൻ. അവൻ നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു. മതത്തിൽ യാതൊരു ഞെരുക്കവും അവൻ ആക്കിയിട്ടില്ല. നിങ്ങളുടെ പിതാവ് ഇബ്റാഹീമിന്റെ മാർഗ്ഗം. ഇതിനുമുമ്പും ഇതിലും മുസ്‌ലീംകൾ എന്ന് അല്ലാഹു നിങ്ങൾക്കു പേരിട്ടിരിക്കുന്നു. പ്രവാചകൻ നിങ്ങൾക്കു സാക്ഷിയും നിങ്ങൾ ജനങ്ങൾക്കു സാക്ഷികളുമാകാൻ വേണ്ടി. അതുകൊണ്ടു നിങ്ങൾ നമസ്ക്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും അല്ലാഹുവിനെ മുറുകെ പിടിക്കുകയും ചെയ്യുവീൻ. അവൻ നിങ്ങളുടെ യജമാനനാണ്. എത്രനല്ല യജമാനൻ! എത്രനല്ല സഹായി! (അൽ–ഹജ്ജ് 22:77–78)**

*"ലില്ലാഹി ദർറുകയാ ഉസ്മാൻ!" പിശാചില്ലെന്ന് വിശ്വസിക്കുന്നവരോടു എനിക്ക് അതിയായ സഹതാപം ! ഒരു അറബികവി പാടിയതും രസാവഹമായിട്ടുണ്ട്. "ഞാൻ ഇബ്‌ലീസിന്റെ പട്ടാളത്തിൽ അംഗമായിരുന്നു. എനിക്കു സ്ഥാനക്കയറ്റം ലഭിച്ചു. അങ്ങിനെ ഇബ്‌ലീസ് എന്റെ പട്ടാളത്തിൽ അംഗമായി (പത്രാധിപർ)*